**പതിമൂന്നാം കേരള നിയമസഭ**

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമസമിതി
# (2011-2014)

## പത്താമത് റിപ്പോർട്ട്

(2014 ജനുവരി മാസം 30-ാം തീയതി സഭയിൽ സമർപ്പിച്ചത്)

(പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ
പ്രവർത്തനം സംബന്ധിച്ച് തയ്യാറാക്കിയത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

പതിമൂന്നാം കേരള നിയമസഭ

## പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമസമിതി
## (2011-2014)

## പത്താമത് റിപ്പോർട്ട്

(2014 ജനുവരി മാസം 30-ാം തീയതി സഭയിൽ സമർപ്പിച്ചത്)

(പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ പ്രവർത്തനം സംബന്ധിച്ച് തയ്യാറാക്കിയത്)

355/2014.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | | |
| I. സമിതിയുടെ നിർദ്ദേശങ്ങളും ശിപാർശകളും | .. | 28 |
| II. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളെ സംബന്ധിച്ച വിവരം | .. | 38 |

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമസമിതി

## ഘടന

ചെയർമാൻ :

ശ്രീ. വി. പി. സജീന്ദ്രൻ

അംഗങ്ങൾ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

,, കെ. അജിത്

,, ഐ. സി. ബാലകൃഷ്ണൻ

,, കോവൂർ കുഞ്ഞുമോൻ

,, പുരുഷൻ കടലുണ്ടി

,, സി. കെ. സദാശിവൻ

,, എൻ. ഷംസുദ്ദീൻ

,, വി. ശശി

,, വി. എം. ഉമ്മർ മാസ്റ്റർ

,, കെ. വി. വിജയദാസ്

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

,, റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി

,, രാജു, വൈ., ഡെപ്യൂട്ടി സെക്രട്ടറി

,, റ്റി. എം. രത്നാകരൻ, അണ്ടർ സെക്രട്ടറി.

# ആമുഖം

പതിറ്റാണ്ടുകളായി, വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ നിഷേധിക്കപ്പെട്ടിരുന്ന ഒരു ജനസമൂഹത്തിന്റെ പുത്തൻതലമുറയ്ക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി ആരംഭിച്ച പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ പ്രവർത്തന ത്തിലെ അപാകതകൾ സംബന്ധിച്ച് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും പരാതികൾ ലഭിച്ചതിന്റെയടിസ്ഥാനത്തിൽ, കേരള നിയമസഭയുടെ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമസമിതി, ജില്ലാതലങ്ങളിൽ പ്രവർത്തിച്ചുവരുന്ന നിരവധി പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ സന്ദർശിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും തെളിവെടുക്കുകയുമുണ്ടായി. സമിതി നടത്തിയ സന്ദർശനത്തിന്റേയും തെളിവെടുപ്പി ന്റേയും അടിസ്ഥാനത്തിൽ തയ്യാറാക്കിയതും ഹോസ്റ്റൽ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് പര്യാപ്തമാകുമെന്ന് സമിതി കരുതുന്നതുമായ ഏതാനും ശിപാർശകളും നിർദ്ദേശങ്ങളും അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

2014 ജനുവരി മാസം 13-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

വി. പി. സജീന്ദ്രൻ,
*ചെയർമാൻ,*
*പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമസമിതി.*

തിരുവനന്തപുരം,
2014 ജനുവരി 13.

# റിപ്പോർട്ട്

## പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ പ്രവർത്തനം സംബന്ധിച്ച്

കടുത്ത അവഗണന, ചൂഷണം, വിവേചനം എന്നിവയാൽ സമൂഹത്തിന്റെ പിന്നാമ്പുറത്തേക്ക് തളളപ്പെട്ടു കിടന്നിരുന്ന ജനസമൂഹത്തിന്റെ പുത്തൻ തലമുറയ്ക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം എന്ന ലക്ഷ്യത്തോടെ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പാക്കിയ വിവിധ പദ്ധതികളിൽ ഒന്നാണ് പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ. വികസനോന്മുഖമായ നവീന കാഴ്ചപ്പാടോടു കൂടി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി ആരംഭിച്ച പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി അനേകം പദ്ധതികൾ തുടർന്നുളള കാലങ്ങളിൽ ആവിഷ്ക്കരിച്ചു നടപ്പിലാക്കി വരുന്നുണ്ടെങ്കിലും അതൊന്നും പൂർണ്ണമായും ഫലപ്രാപ്തിയിലെത്തിയെന്ന് പറയാനാവില്ല. ഹോസ്റ്റൽ വികസനം എന്നത് കേവലം ഭൗതികസൗകര്യങ്ങൾ ഒരുക്കുക മാത്രമല്ലെന്നും മറിച്ച് ഒരു സമൂഹം എന്ന നിലയിൽ കുട്ടികളുടെ വിദ്യാഭ്യാസപരവും ആരോഗ്യപരവും ധാർമ്മികവുമായ ശാക്തീകരണംകൂടി ഉദ്ദേശിച്ചുകൊണ്ടാണ് ഈ സംരംഭത്തിന് തുടക്കമിട്ടതെങ്കിലും കുട്ടികളുടെ വ്യക്തിജീവിതവും സാമൂഹ്യ ജീവിതവും ക്രമീകരിക്കുന്നതിൽ നിർണായക പങ്കുവഹിക്കേണ്ട പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ പ്രവർത്തനത്തിലെ അപാകതയെ സംബന്ധിച്ച് നിരവധി പരാതികൾ കഴിഞ്ഞ കാലങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമസമിതിക്ക് ലഭിച്ചിരുന്നു. പ്രസ്തുത പരാതികൾ പരിഗണിച്ച സമിതി സംസ്ഥാനത്തെ പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ പ്രവർത്തനത്തെ സംബന്ധിച്ച് വിശദമായ ഒരു പഠനം നടത്തുന്നതിന് തീരുമാനിക്കുകയുണ്ടായി. അതിന്റെ ഭാഗമായി സംസ്ഥാനത്തെ ഒട്ടുമിക്ക പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ ഇന്നത്തെ അവസ്ഥ നേരിൽക്കണ്ട് മനസ്സിലാക്കുന്നതിനായി അവ സന്ദർശിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും തെളിവെടുപ്പ് നടത്തുകയുമുണ്ടായി. പ്രസ്തുത സന്ദർശനങ്ങളുടെ അടിസ്ഥാനത്തിൽ, പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് സമിതി എത്തിച്ചേർന്ന നിഗമനങ്ങളും സമിതിയുടെ ശിപാർശകളും അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

### വയനാട് ജില്ല

2. 2012 മേയ് 14, 15 തീയതികളിൽ സമിതി വയനാട് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ യോഗം ചേർന്ന് ജില്ലയിലെ പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളെക്കുറിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തിയതിൽ ജില്ലയിലെ 28 പ്രീ മെട്രിക് ഹോസ്റ്റലുകളിൽ 4 എണ്ണത്തിൽ സൗകര്യമില്ലെന്നും, 6 ഹോസ്റ്റലുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുവെന്നും പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ ഇല്ലെന്നും പ്രോജക്ട് ഓഫീസർ വ്യക്തമാക്കി. വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് കൂടുതലായതിനാൽ കുട്ടികളെ സ്കൂളിൽ എത്തിക്കുന്നതിനുളള സംവിധാനം ഗവൺമെന്റുതലത്തിൽ ഉണ്ടാകേണ്ടത് ആവശ്യമാണെന്ന് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു. തുടർന്ന് സമിതി വൈത്തിരി പ്രീ മെട്രിക് ഹോസ്റ്റൽ സന്ദർശിച്ചു.

**വൈത്തിരി പ്രീ മെട്രിക് ഹോസ്റ്റൽ**

3. പട്ടികജാതി വികസന വകുപ്പിനുകീഴിൽ ആൺകുട്ടികൾക്കുവേണ്ടിയുള്ള ഹോസ്റ്റലാണിത്. ഹോസ്റ്റൽ പരിസരത്ത് നിരവധി പാഴ്വസ്തുക്കൾ നിക്ഷേപിച്ചിരിക്കുന്നതായി സമിതിക്ക് കാണാൻ കഴിഞ്ഞു. കൂടാതെ ബാത്ത്റൂമുകളും എയർഹോളുകളും വൃത്തിഹീനമായാണ് കാണപ്പെട്ടത്. അതുപോലെ മിക്ക ബാത്ത്റൂമുകളും തകർന്ന നിലയിലും വാതിലുകൾ കേടായ അവസ്ഥയിലുമായിരുന്നു. നിരവധി കുട്ടികൾ ഒരുമിച്ചു താമസിക്കുന്ന ഹോസ്റ്റൽ മുറികളും ടോയ്ലെറ്റുകളും പരിസരവും എപ്പോഴും ശുചിയായി സൂക്ഷിക്കേണ്ടത് അത്യാവശ്യമായതിനാൽ ഹോസ്റ്റൽ പരിസരത്ത് നിക്ഷേപിച്ചിരിക്കുന്ന പാഴ്വസ്തുക്കൾ അടിയന്തരമായി നീക്കം ചെയ്യണമെന്നും ബാത്ത്റൂമിന്റെയും ടോയ്ലെറ്റിന്റെയും അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും എയർഹോളുകൾ ക്ലീൻ ചെയ്ത് നെറ്റ് സ്ഥാപിക്കുന്നതിനും കുട്ടികൾക്ക് കൊതുകുവല നൽകുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

## പാലക്കാട് ജില്ല

4. പാലക്കാട് ജില്ലാ സന്ദർശനത്തോടനുബന്ധിച്ച് പാലക്കാട് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ 2012 സെപ്റ്റംബർ 6-ാം തീയതി യോഗം ചേർന്ന്, ജില്ലയിലെ ഹോസ്റ്റലുകളുടെ പ്രവർത്തനം സംബന്ധിച്ച് ഉദ്യോഗസ്ഥരുമായി ചർച്ച നടത്തിയതിൽനിന്നും, രക്ഷിതാക്കളിൽ പലരും കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കാതെ ജോലിക്കു വിടുകയാണെന്നും, ഇക്കാര്യത്തിൽ എസ്.ടി. പ്രൊമോട്ടർമാർ നിസ്സഹായരാണെന്നും പത്താം ക്ലാസിനുശേഷമുള്ള ഉപരിപഠനത്തിന് കുട്ടികൾ പോകുന്നില്ലെന്നും സമിതിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. തന്മൂലം സർക്കാർ വകുപ്പുകളിലെ പല ഒഴിവുകളിലും വേണ്ടത്ര പട്ടികവർഗ്ഗക്കാരെ ലഭിക്കുന്നില്ലെന്ന കാര്യം ബോദ്ധ്യപ്പെട്ടു.

5. ജില്ലയിൽ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ ഇല്ലാത്തതിനാൽ മുതിർന്ന കുട്ടികളെകൂടി പ്രീ മെട്രിക് ഹോസ്റ്റലിൽ പാർപ്പിക്കുന്നതുമൂലം പ്രീ മെട്രിക് ഹോസ്റ്റലുകളിൽ അനുവദനീയമായ എണ്ണത്തെക്കാൾ കൂടുതൽ കുട്ടികൾ ഉള്ളതായി ജില്ലാ പട്ടികവർഗ്ഗ വികസന ഓഫീസർ അറിയിച്ചു. അട്ടപ്പാടിയിൽ 4 ഹോസ്റ്റലുകൾകൂടി ആവശ്യമുണ്ടെന്നും, പെൺകുട്ടികളുടെ ഹോസ്റ്റലുകളിൽ വാർഡനായി പുറത്തുനിന്നുള്ളവരെ നിയമിക്കാതെ അട്ടപ്പാടിയിലെ വിദ്യാഭ്യാസ യോഗ്യതയുള്ള ആദിവാസികളെ നിയമിക്കണമെന്ന് സമിതി മുമ്പാകെ ഹാജരായ സംഘടനാ പ്രതിനിധികൾ സമിതിയോട് ആവശ്യപ്പെടുകയുണ്ടായി.

തുടർന്ന് സമിതി കൊല്ലങ്കോട്ടുള്ള പ്രീ മെട്രിക് ഹോസ്റ്റലും കണ്ണാടിയിലുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റലും സന്ദർശിച്ചു.

**പ്രീ മെട്രിക് ഹോസ്റ്റൽ, കൊല്ലങ്കോട്**

6. പട്ടികജാതി വികസന വകുപ്പിനുകീഴിൽ വാടകക്കെട്ടിടത്തിൽ ആൺകുട്ടികൾക്കായി പ്രവർത്തിക്കുന്ന കൊല്ലങ്കോട് പ്രീ മെട്രിക് ഹോസ്റ്റലിൽ ഇടുക്കി ജില്ലയിലെ ആറ് കുട്ടികൾ ഉൾപ്പെടെ 5 മുതൽ 10 വരെ ക്ലാസ്സുകളിലായി 30 കുട്ടികൾ താമസിക്കുന്നുണ്ടെന്നും കുട്ടികൾക്ക് പ്രതിവർഷം രണ്ട് ജോഡി യൂണിഫോമും ഒരു ജോഡി നൈറ്റ് ഡ്രസ്സും വിതരണം ചെയ്യുന്നുണ്ടെന്നും സമിതി മനസ്സിലാക്കി. കൂടാതെ ഹോസ്റ്റലിൽ ട്യൂഷൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടെന്നും ടൂത്ത്പേസ്റ്റ്, സോപ്പ്, എണ്ണ എന്നിവ വാങ്ങുന്നതിനായി പോക്കറ്റ് മണി ഇനത്തിൽ ഒരു കുട്ടിക്ക് പ്രതിമാസം 100 രൂപ വീതം നൽകുന്നുണ്ടെന്നും സമിതിക്ക് ബോദ്ധ്യപ്പെട്ടു. വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന പ്രസ്തുത ഹോസ്റ്റലിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് പഞ്ചായത്ത് 10 സെന്റ് സ്ഥലം അനുവദിച്ചതായി ബന്ധപ്പെട്ട ഹോസ്റ്റൽ അധികൃതർ സമിതിയെ അറിയിച്ചു. പഞ്ചായത്ത് അനുവദിച്ച സ്ഥലത്ത് എത്രയുംവേഗം എല്ലാ അടിസ്ഥാന സൗകര്യങ്ങളോടുംകൂടി പുതിയ കെട്ടിടം പണിയുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**പോസ്റ്റ് മെട്രിക് ഹോസ്റ്റൽ, കണ്ണാടി**

7. പട്ടികജാതി വികസന വകുപ്പിനുകീഴിൽ പെൺകുട്ടികൾക്കുള്ള കണ്ണാടി പോസ്റ്റ് മെട്രിക് ഹോസ്റ്റലിൽ പ്ലസ് ടു, പോളിടെക്നിക്, ഡിഗ്രി, റ്റി.റ്റി.സി., ബി.എഡ്. തുടങ്ങിയ കോഴ്സുകൾക്കു പഠിക്കുന്ന 28 കുട്ടികൾ താമസിക്കുന്നുവെന്നും ഹോസ്റ്റലിൽ 24 കുട്ടികൾക്കുകൂടി താമസിക്കുന്നതിന് സൗകര്യമുണ്ടെന്നും ടെലിവിഷൻ, കമ്പ്യൂട്ടർ ലാബ്, ലൈബ്രറി, വൃത്തിയുള്ള ടോയ്ലെറ്റ് എന്നിവയുണ്ടെന്നും മെനു അനുസരിച്ച് ഭക്ഷണം നൽകുന്നുണ്ടെന്നും മനസ്സിലാക്കി. പ്ലസ് ടു വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഏർപ്പെടുത്തണമെന്നും ഹോസ്റ്റൽ വളപ്പിൽ ഒരു കിണർ നിർമ്മിക്കണമെന്നും വിദ്യാർത്ഥിനികൾ ആവശ്യപ്പെട്ടു.

**പ്രീ മെട്രിക് ഹോസ്റ്റൽ, അഗളി**

8. പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ 60 കുട്ടികൾക്ക് താമസസൗകര്യമുള്ള ഹോസ്റ്റലിൽ ഡിഗ്രി വരെയുള്ള 128 പെൺകുട്ടികൾ താമസിക്കുന്നുണ്ടെന്നും, 5 പേർ താമസിക്കുന്ന ഒരു മുറിയിൽ കുട്ടികൾക്ക് ഇരുന്നു പഠിക്കുന്നതിനുള്ള സൗകര്യമില്ലെന്നും കട്ടിലുകൾ പഴക്കം ചെന്നവയും ബലമില്ലാത്തവയാണെന്നും ഹോസ്റ്റലിൽ മെനു അനുസരിച്ച് ഭക്ഷണം നൽകുന്നുണ്ടെന്നും സമിതി മനസ്സിലാക്കി. ഹോസ്റ്റലിന്റെ സമീപത്തായി പുതിയ കെട്ടിടത്തിന്റെ നിർമ്മാണം നടക്കുന്നതും ഹോസ്റ്റലിന്റെ കിഴക്കുവശത്ത് മതിൽ ഇല്ലാത്തതും വൃത്തിഹീനമായ ടോയ്ലെറ്റുകൾ, അടുക്കളയുടെ മുകൾവശത്ത് കാണപ്പെടുന്ന ദ്വാരം എന്നിവ സമിതിയുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. കുട്ടികളുടെ സുരക്ഷയ്ക്കായി അടിയന്തരമായി ഹോസ്റ്റലിന്റെ കിഴക്കുവശത്തെ മതിൽ നിർമ്മിക്കുന്നതിനും, ടോയ്ലെറ്റുകൾ ടൈൽസ് പാകുന്നതിനും കുട്ടികൾക്ക് ഭക്ഷണം പാകം ചെയ്യുന്ന പാചകപ്പുരയിൽ അടിയന്തരമായി അറ്റകുറ്റപ്പണികൾ നടത്തുന്നതിനും വകുപ്പിന്റെ അടിയന്തിര ശ്രദ്ധയുണ്ടാകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## കോഴിക്കോട് ജില്ല

9. കോഴിക്കോട് ജില്ലാ സന്ദർശനത്തോടനുബന്ധിച്ച് 2012 ഒക്ടോബർ 29-ാം തീയതി സമിതി കോഴിക്കോട് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ യോഗം ചേർന്ന്, ജില്ലയിലെ പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ പ്രവർത്തനം സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയുണ്ടായി.

10. കോഴിക്കോട് ജില്ലയിൽ പട്ടികജാതി വികസന വകുപ്പിനുകീഴിൽ പെൺകുട്ടികൾക്കായി 3-ഉം ആൺകുട്ടികൾക്കായി 4-ഉം ഉൾപ്പെടെ 7 പ്രീ മെട്രിക് ഹോസ്റ്റലുകളും പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും ഓരോ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുമുണ്ടെന്നും ജില്ലാ പട്ടികജാതി വികസന ഓഫീസർ സമിതിയെ അറിയിച്ചു. കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ 4 പ്രീ മെട്രിക് ഹോസ്റ്റലുകളും ഒരു പോസ്റ്റ് മെട്രിക് ഹോസ്റ്റലുമുണ്ടെന്ന് സമിതി മനസ്സിലാക്കി.

11. പട്ടികജാതി വികസന വകുപ്പിന്റെ പ്രീ മെട്രിക് ഹോസ്റ്റലുകളിൽ പലതിലും അനുവദനീയമായ എണ്ണത്തിന്റെ പകുതിയിൽതാഴെ കുട്ടികളേയുള്ളൂവെന്നും എന്നാൽ പോസ്റ്റ് മെട്രിക് തലത്തിൽ പഠനം നടത്തുന്ന പെൺകുട്ടികൾ താരതമ്യേന കൂടുതലുണ്ടെന്നും ജില്ലാ പട്ടികജാതി വികസന ഓഫീസർ അറിയിച്ചു. പട്ടികജാതി വികസന വകുപ്പിന്റെ ഹോസ്റ്റലുകൾ നഗരസഭയ്ക്കു കൈമാറിയതിനെത്തുടർന്ന് നഗരസഭയുടെ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനും ജില്ലാ പട്ടികജാതി വികസന ഓഫീസറും ഹോസ്റ്റലുകൾ സന്ദർശിച്ച് പ്രവർത്തനം വിലയിരുത്താറുണ്ടെന്നും ജില്ലാ പട്ടികജാതി വികസന ഓഫീസർ അറിയിച്ചു.

തുടർന്ന് സമിതി അവിടനല്ലൂർ, ഈസ്റ്റ്ഹിൽ പ്രീ മെട്രിക് ഹോസ്റ്റലുകളും ഈസ്റ്റ്ഹിൽ പോസ്റ്റ് മെട്രിക് ഹോസ്റ്റലും സന്ദർശിച്ചു.

**പ്രീ മെട്രിക് ഹോസ്റ്റൽ, അവിടനല്ലൂർ**

12. പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ 30 കുട്ടികൾക്ക് താമസസൗകര്യമുള്ള അവിടനല്ലൂർ പ്രീ മെട്രിക് ഹോസ്റ്റലിൽ 7 മുതൽ 10 വരെ ക്ലാസ്സുകളിലായി 13 പെൺകുട്ടികൾ താമസിക്കുന്നു. ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള പഴയ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലിന് കളിസ്ഥലമില്ലെന്നും ഹോസ്റ്റലിൽ അറ്റകുറ്റപ്പണികൾ നടത്തിയിട്ടില്ലെന്നും ജനാലയുടെ പൊട്ടിയ ചില്ലുകൾ മാറ്റിസ്ഥാപിച്ചിട്ടില്ലെന്നും സമിതി മനസ്സിലാക്കി. ഹോസ്റ്റലിലെ വനിതയും വികലാംഗയുമായ വാർഡന് ഒരു എം.ആർ.എസിന്റെ ചാർജ്ജുകൂടി നൽകിയിട്ടുണ്ടെന്നും, വാർഡൻമാർക്ക് പ്രൊമോഷൻ ഇല്ലാത്തതിനാൽ പ്രസ്തുത ജോലിയിൽ പ്രവേശിക്കുന്നവർ, മറ്റെന്തെങ്കിലും ജോലി കിട്ടിയാൽ വാർഡൻ ജോലി ഉപേക്ഷിച്ചു പോകുകയാണെന്നും വാർഡൻമാർക്ക് 24 മണിക്കൂറും ജോലി ചെയ്യാൻ സാധിക്കാത്തതിനാൽ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിച്ച് ജോലിസമയം ക്രമീകരിക്കേണ്ടതാണെന്നും ഹോസ്റ്റലിൽ ഒരു വാച്ചർ മാത്രമാണുള്ളതെന്നും കുട്ടികൾ കുറവുള്ള ഹോസ്റ്റലുകളിൽ മെസ് നടത്തുന്നതിന് അനുവദിക്കുന്ന 1,300 രൂപ തീരെ അപര്യാപ്തമാണെന്നും അധികൃതർ സമിതിയെ അറിയിച്ചു.

**പ്രീ മെട്രിക് ഹോസ്റ്റൽ, ഈസ്റ്റ്ഹിൽ**

13. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ 90 കുട്ടികൾക്ക് താമസസൗകര്യമുള്ള ഈസ്റ്റ് ഹിൽ പ്രീമെട്രിക് ഹോസ്റ്റലിൽ എൽ.കെ.ജി. മുതൽ പ്ലസ് ടു വരെയുള്ള 130 പെൺകുട്ടികൾ താമസിക്കുന്നുവെന്നും ദിവസവേതനക്കാരിയായ വാർഡൻ സേവനമനുഷ്ഠിക്കുന്നുണ്ടെന്നും സമിതി മനസ്സിലാക്കി. സിൻടെക്സ് ടാങ്കിലും കോൺക്രീറ്റ് ടാങ്കിലും വെള്ളം ശേഖരിക്കുന്നുണ്ടെങ്കിലും ഹോസ്റ്റലിൽ ഇടയ്ക്കിടെ ജലദൗർലഭ്യം അനുഭവപ്പെടാറുണ്ടെന്നും പ്രീ മെട്രിക് ഹോസ്റ്റലിനും പോസ്റ്റ് മെട്രിക് ഹോസ്റ്റലിനും ഇടയിലുള്ള റവന്യൂവക മൂന്നുസെന്റ് ഭൂമിയിൽ ഒരു കിണർ കുത്തിയാൽ രണ്ട് ഹോസ്റ്റലിനും വെള്ളം ലഭ്യമാകുമെന്നും ബന്ധപ്പെട്ട അധികൃതർ സമിതിയെ അറിയിച്ചു. കൂടാതെ വൃത്തിയുള്ള കിടക്കവിരികൾ കുട്ടികൾക്ക് ആവശ്യാനുസരണം ലഭ്യമാക്കുവാൻ കഴിയാറില്ലെന്നും സമിതി മനസ്സിലാക്കി.

**പോസ്റ്റ് മെട്രിക് ഹോസ്റ്റൽ, ഈസ്റ്റ്ഹിൽ**

14. പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ 60 കുട്ടികൾക്ക് താമസസൗകര്യമുള്ള ഈസ്റ്റ്ഹിൽ പോസ്റ്റ് മെട്രിക് ഹോസ്റ്റലിൽ പ്ലസ് ടു മുതൽ ബിരുദാനന്തര ബിരുദത്തിനുവരെ പഠിക്കുന്ന 56 പെൺകുട്ടികൾ താമസിക്കുന്നുണ്ട്. പാചകവാതക ത്തിന്റെ വില വർദ്ധിപ്പിച്ചതിനാൽ, അനുവദനീയമായ തുക ഉപയോഗിച്ച് മെസ് നടത്തുന്നതിന് കഴിയുന്നില്ലെന്നും ആയതിനാൽ സർക്കാർ തലത്തിൽ പരിഹാരമുണ്ടാ ക്കുന്നതിന് സഹായിക്കണമെന്നും ബന്ധപ്പെട്ട അധികൃതർ സമിതിയോട് ആവശ്യപ്പെട്ടു. ഹോസ്റ്റലിൽ റസിഡന്റ് ട്യൂട്ടറെ നിയോഗിക്കുക, ബി.ടെക്കിനു പഠിക്കുന്ന വിദ്യാർത്ഥിനികളും ഹോസ്റ്റലിൽ താമസിക്കുന്നതിനാൽ ഇന്റർനെറ്റ് സൗകര്യം അനുവദിക്കുക, ഹോസ്റ്റൽ വിദ്യാർത്ഥിനികളെ സാമൂഹ്യവിരുദ്ധർ ശല്യം ചെയ്യുന്നത് ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക തുടങ്ങിയ ആവശ്യങ്ങൾ അന്തേവാസികൾ സമിതി മുമ്പാകെ ഉന്നയിച്ചു. കൂടാതെ ആവശ്യമായത്ര ഫാൻ ഇല്ലാത്തതുമൂലവും ജനാലകളിൽ കർട്ടൻ ഇല്ലാത്തതുമൂലവും കാലപ്പഴക്കംചെന്ന വയറിംഗും കേടായ ജനറേറ്റർമൂലവും ഉള്ള പ്രശ്നങ്ങളും അന്തേവാസികൾ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. വിദ്യാർത്ഥിനികളുടെ മുറിയിൽ ആവശ്യമായ ഫാൻ സ്ഥാപിക്കുന്നതിനും റീ വയറിംഗ് നടത്തുന്നതിനും കേടായ ജനറേറ്ററിന്റെ അറ്റകുറ്റപ്പണി നടത്തുന്നതിനും ജനാലകളിൽ കർട്ടൻ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു. അതോടൊപ്പം വിദ്യാർത്ഥിനികളെ സാമൂഹ്യവിരുദ്ധർ ശല്യം ചെയ്യുന്നത് ഒഴിവാക്കാൻ പോലീസ് പട്രോളിംഗ് ഏർപ്പെടുത്തുന്നതിന് വകുപ്പുതലത്തിൽ നടപടി സ്വീകരിക്കണമെന്ന നിർദ്ദേശവും സമിതി ബന്ധപ്പെട്ടവർക്കു നൽകി.

## കാസർഗോഡ് ജില്ല

15. കാസർഗോഡ് ജില്ലാ സന്ദർശനത്തോടനുബന്ധിച്ച് കാസർഗോഡ് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ 2012 നവംബർ 21-ാം തീയതി യോഗം ചേർന്ന്, ജില്ലയിലെ പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ പ്രവർത്തനം സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും തെളിവെടുക്കുകയുണ്ടായി. ജില്ലയിൽ പട്ടികജാതി വികസന വകുപ്പിനുകീഴിൽ എട്ട് പ്രീ മെട്രിക് ഹോസ്റ്റലുകളും മൂന്ന് പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുമുണ്ടെന്നും പ്രീ മെട്രിക് ഹോസ്റ്റലുകളിൽ നാലു വിഷയങ്ങൾക്ക് ട്യൂഷൻ ടീച്ചേഴ്സിനെ നിയമിച്ചിട്ടുണ്ടെന്നും മെനു അനുസരിച്ചുള്ള ഭക്ഷണം നൽകുന്നുണ്ടെന്നും നിശ്ചിത സമയത്ത് ജില്ലാ ഓഫീസർമാർ ഹോസ്റ്റലുകളിൽ പരിശോധന നടത്താറുണ്ടെന്നും ജില്ലാ പട്ടികജാതി വികസന ഓഫീസർ അറിയിച്ചു. കുറ്റിക്കോലിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പ്രീ മെട്രിക് ഹോസ്റ്റലിന് പുതിയ കെട്ടിടം നിർമ്മിക്കാനുള്ള പ്രൊപ്പോസൽ ആയിട്ടുണ്ടെന്ന് ജില്ലാ പട്ടികവർഗ്ഗ വികസന ഓഫീസർ സമിതിയെ അറിയിച്ചു.

16. തുടർന്ന് സമിതി വിദ്യാനഗറിലുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും അണങ്കൂർ, കുറ്റിക്കോൽ, രാജപുരം, ബളാംതോട് എന്നിവിടങ്ങളിലെ പ്രീ മെട്രിക് ഹോസ്റ്റലുകളും സന്ദർശിച്ചു.

**പോസ്റ്റ് മെട്രിക് ഹോസ്റ്റൽ, വിദ്യാനഗർ**

17. പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ 60 കുട്ടികൾക്ക് താമസസൗകര്യമുള്ള വിദ്യാനഗറിലെ ആൺകുട്ടികളുടെ പോസ്റ്റ് മെട്രിക് ഹോസ്റ്റലിൽ പ്ലസ് വൺ മുതൽ എം.ഫിൽ-നുവരെ പഠിക്കുന്ന 39 കുട്ടികൾ താമസിക്കുന്നുണ്ട്. മെനു അനുസരിച്ച് ഭക്ഷണം നൽകുന്നുണ്ടെന്നും ഹോസ്റ്റലിൽ റസിഡന്റ് ട്യൂട്ടർ ആയി സേവനമനുഷ്ഠിക്കാൻ ആളെ കിട്ടുന്നില്ലെന്നും വാച്ച്മാൻ ഇല്ലെന്നും സമിതിക്ക് ബോധ്യപ്പെട്ടു. ഹോസ്റ്റൽ സ്ഥിതി ചെയ്യുന്ന പ്രദേശത്ത് വർഗ്ഗീയകലാപം ഉണ്ടാകാറുണ്ടെന്ന് ബന്ധപ്പെട്ടവർ സമിതിയെ അറിയിച്ചു. ഹോസ്റ്റലിന്റെ റൂഫ് അറ്റകുറ്റപ്പണി നടത്തുന്നതിന് 20 ലക്ഷം രൂപ പൊതുമരാമത്ത് വകുപ്പിൽ അടച്ചെങ്കിലും റേറ്റ് പരിഷ്ക്കരിക്കാത്തതിനാൽ പണി വൈകുന്നതായി സമിതി മനസ്സിലാക്കി.

**പോസ്റ്റ് മെട്രിക് ഹോസ്റ്റൽ, വിദ്യാനഗർ**

18. പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ 60 പെൺകുട്ടികൾക്ക് താമസ സൗകര്യമുള്ള വിദ്യാനഗറിലെ പോസ്റ്റ് മെട്രിക് ഹോസ്റ്റലിൽ പ്ലസ് വൺ മുതൽ ബിരുദാനന്തരബിരുദത്തിനുവരെ പഠിക്കുന്ന 48 കുട്ടികൾ താമസിക്കുന്നുണ്ട്. റസിഡന്റ് ട്യൂട്ടറുടെ സേവനം ലഭ്യമാക്കണമെന്നും ഹോസ്റ്റലിൽ ഫീമെയിൽ വാർഡനെ നിയമിക്കണമെന്നും വാച്ച്മാന് ഔട്ട്ഹൗസ് നിർമ്മിച്ചു നൽകണമെന്നും വിദ്യാർത്ഥിനികൾ സമിതിയോട് ആവശ്യപ്പെട്ടു.

**പ്രീ മെട്രിക് ഹോസ്റ്റൽ, അണങ്കൂർ**

19. പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ 30 കുട്ടികൾക്ക് താമസസൗകര്യമുള്ള അണങ്കൂർ പ്രീ മെട്രിക് ഹോസ്റ്റലിൽ 5 മുതൽ 10 വരെ ക്ലാസുകളിലായി 30 പെൺകുട്ടികൾ താമസിക്കുന്നുണ്ട്. ഹോസ്റ്റലിൽ ട്യൂഷൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടെന്നും മെനു അനുസരിച്ച് ഭക്ഷണം നൽകുന്നുണ്ടെന്നും ഹോസ്റ്റൽ അധികൃതർ സമിതിയെ അറിയിച്ചു. ഹോസ്റ്റലിൽ താമസിക്കുന്ന കുട്ടികൾ സ്കൂളിൽനിന്ന് വിനോദയാത്രയോ പഠനയാത്രയോ നടത്തിയാൽ 2,500 രൂപ വരെ അനുവദിക്കാറുണ്ടെന്നും സമിതിയെ അറിയിച്ചു.

**പ്രീ മെട്രിക് ഹോസ്റ്റൽ, കുറ്റിക്കോൽ**

20. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ 35 കുട്ടികൾക്ക് താമസസൗകര്യമുള്ള കുറ്റിക്കോൽ പ്രീ മെട്രിക് ഹോസ്റ്റലിൽ 5 മുതൽ 10 വരെ ക്ലാസുകളിലായി 32 ആൺകുട്ടികൾ താമസിക്കുന്നുണ്ട്. കുട്ടികൾക്ക് മെനു അനുസരിച്ച് ഭക്ഷണം നൽകുന്നുണ്ടെന്നും ട്യൂഷൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടെന്നും സമിതിക്ക് ബോധ്യപ്പെട്ടു. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലിന്റെ വാടക പൊതുമരാമത്ത് വകുപ്പ് നിജപ്പെടുത്തിയിട്ടില്ലാത്തതിനാൽ, കെട്ടിട ഉടമയ്ക്ക് ഒരു വർഷമായി വാടക നൽകുന്നില്ലെന്നും പുതിയ ഹോസ്റ്റൽ നിർമ്മിക്കുന്നതിനായി 83 സെന്റ് സ്ഥലം അനുവദിച്ചിട്ടുണ്ടെന്നും ഹോസ്റ്റൽ അധികൃതർ സമിതിയെ അറിയിച്ചു. ഹോസ്റ്റൽ നിർമ്മിക്കുന്നതിനായി അനുവദിച്ച സ്ഥലത്ത് എത്രയുംവേഗം പണികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ സമിതി ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകി.

**പ്രീ മെട്രിക് ഹോസ്റ്റൽ, രാജപുരം**

21. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ 40 കുട്ടികൾക്ക് താമസസൗകര്യമുള്ള രാജപുരം പ്രീ മെട്രിക് ഹോസ്റ്റലിൽ 28 ആൺകുട്ടികൾ താമസിക്കുന്നുണ്ട്. മെനു അനുസരിച്ച് ഭക്ഷണം നൽകുന്നുണ്ടെന്നും ട്യൂഷൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടെന്നും സമിതിക്ക് ബോധ്യപ്പെട്ടു. ഇരുനില കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പ്രസ്തുത ഹോസ്റ്റലിന്റെ വൈദ്യുതീകരിക്കാത്ത ഒന്നാം നിലയിലാണ് ഹൈസ്ക്കൂൾ വിദ്യാർത്ഥികൾ താമസിക്കുന്നതെന്നും ഒന്നാം നിലയിലെ ടോയ്‌ലെറ്റുകളിൽ സിമന്റ് വീണിരിക്കുന്നതിനാൽ ഉപയോഗിക്കാൻ കഴിയുന്നില്ലെന്നും കൂടാതെ ടോയ്‌ലെറ്റുകളിലെ ടാപ്പുകൾ കേടുവന്നിരിക്കുന്നതായും ടോയ്‌ലെറ്റിനു പുറത്തുവീഴുന്ന വെള്ളം ഒഴുകിപ്പോകുന്നതിന് സൗകര്യമില്ലെന്നും സമിതി മനസ്സിലാക്കി. ഹോസ്റ്റലിലെ അസൗകര്യത്തെക്കുറിച്ച് ബന്ധപ്പെട്ടവരെ അറിയിച്ചിട്ടും യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലെന്ന് വാർഡൻ സമിതിയെ അറിയിച്ചു. പ്രസ്തുത ഹോസ്റ്റലിന്റെ ചുമതലയുള്ള പരപ്പ ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് വീഴ്ചവരുത്തുന്നതായി സമിതിക്ക് ബോധ്യപ്പെട്ടു.

**പ്രീ മെട്രിക് ഹോസ്റ്റൽ, ബളാംതോട്**

22. പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ 40 കുട്ടികൾക്ക് താമസസൗകര്യമുള്ള ബളാംതോട് പ്രീ മെട്രിക് ഹോസ്റ്റലിൽ 48 ആൺകുട്ടികൾ താമസിക്കുന്നുണ്ട്. ഹോസ്റ്റൽ വാർഡൻ നിയമനത്തിനുള്ള റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ ദിവസവേതനാടിസ്ഥാനത്തിൽ വാർഡനെ നിയമിക്കുന്നുവെന്ന് ഹോസ്റ്റൽ അധികൃതർ സമിതിയെ അറിയിച്ചു. ഹോസ്റ്റലിൽ അന്തേവാസികൾക്ക് ആവശ്യാനുസരണം ഉപയോഗിക്കുന്നതിന് ബക്കറ്റുകൾ ഇല്ലെന്നും സുരക്ഷിതമായ രീതിയിലുള്ള ഇലക്ട്രിക് റീ വയറിംഗ് നടത്തിയിട്ടില്ലെന്നും സമിതിക്ക് ബോധ്യപ്പെട്ടു.

## പത്തനംതിട്ട ജില്ല

23. പത്തനംതിട്ട ജില്ലാ സന്ദർശനത്തോടനുബന്ധിച്ച് പത്തനംതിട്ട കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ 2013 ആഗസ്റ്റ് 19-ാം തീയതി യോഗം ചേർന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി. ജില്ലയിൽ പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള 6 പ്രീ മെട്രിക് ഹോസ്റ്റലുകളിൽ അടൂർ, പന്തളം, മല്ലപ്പള്ളി, തിരുവല്ല എന്നിവിടങ്ങളിൽ പെൺകുട്ടികളുടെ ഹോസ്റ്റലുകളും പത്തനംതിട്ട, റാന്നി എന്നിവിടങ്ങളിൽ ആൺകുട്ടികളുടെ ഹോസ്റ്റലുകളും ഉണ്ട്. ഓരോ ഹോസ്റ്റലിലും പത്തുശതമാനം സീറ്റുകൾ എസ്.സി. ഒഴികെയുള്ളവർക്കായി നീക്കിവച്ചിട്ടുണ്ടെന്ന് ജില്ലാ പട്ടികജാതി വികസന ഓഫീസർ അറിയിച്ചു. പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിലുള്ള 2 പ്രീ മെട്രിക് ഹോസ്റ്റലുകളിൽ ചിറ്റാറിലുള്ള ഹോസ്റ്റൽ പെൺകുട്ടികൾക്കും കടുമീൻചിറയിലുള്ള ഹോസ്റ്റൽ ആൺകുട്ടികൾക്കുമുള്ളതാണെന്നും, സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകൾക്ക് സ്ഥലസൗകര്യമില്ലാത്തതിനാൽ രണ്ടിടത്തും അഡീഷണൽ ബ്ലോക്ക് നിർമ്മിക്കേണ്ടത് ആവശ്യമാണെന്ന് റ്റി.ഡി.ഒ. സമിതിയെ അറിയിച്ചു.

തുടർന്ന് സമിതി ചിറ്റാർ, കടുമീൻചിറ, റാന്നി, അടൂർ, പന്തളം, മല്ലപ്പള്ളി, തിരുവല്ല എന്നിവിടങ്ങളിലുള്ള പ്രീ മെട്രിക് ഹോസ്റ്റലുകൾ സന്ദർശിച്ചു.

**പ്രീ മെട്രിക് ഹോസ്റ്റൽ, ചിറ്റാർ**

24. പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന ചിറ്റാർ പ്രീ മെട്രിക് ഹോസ്റ്റലിൽ ഒന്ന് മുതൽ ഹയർ സെക്കന്ററിതലംവരെയുള്ള ക്ലാസുകളിലായി 73 പെൺകുട്ടികൾ താമസിക്കുന്നുണ്ട്. ഹോസ്റ്റലിൽ ട്യൂഷൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടെന്നും 2 ജോഡി സ്കൂൾ യൂണിഫോമും നൈറ്റ് ഡ്രസും അന്തേവാസികൾക്ക് വിതരണം ചെയ്തിട്ടുണ്ടെന്നും ഹോസ്റ്റലിൽ മെഡിക്കൽ ക്യാമ്പ് നടത്തുകയും അയൺഫോളിക് ഗുളികകൾ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ടെന്നും വനമേഖലയായ ഗവിയിൽനിന്നുള്ള കുട്ടികൾ അവധിക്ക് വീട്ടിൽപോയാൽ കൃത്യമായി തിരികെവരാനുള്ള പ്രവണത കാണിക്കുന്നില്ലെന്നും ഹോസ്റ്റൽ ജീവനക്കാർ സമിതിയെ അറിയിച്ചു. മെനു പരിഷ്ക്കരിക്കണമെന്നും ഹോസ്റ്റലിൽനിന്നും വിനോദയാത്ര സംഘടിപ്പിക്കണമെന്നും സ്പോർട്സ് ഉപകരണങ്ങൾ കൂടുതലായി വേണമെന്നും വിദ്യാർത്ഥിനികൾ സമിതിയോട് ആവശ്യപ്പെട്ടു.

**പ്രീ മെട്രിക് ഹോസ്റ്റൽ, കടുമീൻചിറ**

25. പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന കടുമീൻചിറ പ്രീ മെട്രിക് ഹോസ്റ്റലിൽ ഒന്ന് മുതൽ പത്തുവരെ ക്ലാസുകളിലായി 37 ആൺകുട്ടികൾ താമസിക്കുന്നുണ്ട്. എസ്.എസ്.എൽ.സി.ക്ക് മുൻവർഷം 100 ശതമാനം വിജയം നേടിയ ഹോസ്റ്റലിൽ ട്യൂഷൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടെന്നും രണ്ടര ഏക്കർ ഹോസ്റ്റൽ കോമ്പൗണ്ടിന്റെ ഭൂരിഭാഗവും പുറത്തുനിന്നുള്ളവർ കയ്യേറിയിരിക്കുകയാണെന്നും നിലവിൽ ഒരേക്കർ സ്ഥലമേ ഹോസ്റ്റലിനുള്ളൂവെന്നും ഹോസ്റ്റൽ അധികൃതർ സമിതിയെ അറിയിച്ചു. ഹോസ്റ്റലിൽനിന്നും വിനോദയാത്ര സംഘടിപ്പിക്കണമെന്നും സ്പോർട്സ് ഉപകരണങ്ങൾ വാങ്ങിനല്കണമെന്നും വസ്ത്രങ്ങളും മറ്റും സൂക്ഷിക്കാനായി പൂട്ടുള്ള പെട്ടി വേണമെന്നും, ഹോസ്റ്റലിൽ കോയിൻ ബോക്സ് ടെലിഫോൺ ബൂത്ത് സ്ഥാപിക്കണമെന്നും വിദ്യാർത്ഥികൾ സമിതിയോട് ആവശ്യപ്പെട്ടു.

**പ്രീ മെട്രിക് ഹോസ്റ്റൽ, റാന്നി**

26. പട്ടികജാതി വികസന വകുപ്പിനുകീഴിലുള്ള റാന്നി പ്രീ മെട്രിക് ഹോസ്റ്റലിൽ അഞ്ച് മുതൽ പത്തുവരെയുള്ള ക്ലാസുകളിലായി 27 ആൺകുട്ടികൾ താമസിക്കുന്നുണ്ട്. ഹൈസ്ക്കൂൾ വിഭാഗത്തിൽ കണക്ക്, ഇംഗ്ലീഷ്, സയൻസ്, ഹിന്ദി വിഷയങ്ങൾക്ക് മാത്രമേ ട്യൂഷൻ ലഭിക്കുന്നുള്ളൂവെന്നും സോഷ്യൽ സയൻസിനുകൂടി ട്യൂഷൻ ലഭ്യമാക്കണമെന്നും വിദ്യാർത്ഥികൾ സമിതിയോട് ആവശ്യപ്പെട്ടു. ഹോസ്റ്റലിലെ കുട്ടികൾ 2 എയിഡഡ് സ്കൂളുകളിലായാണ് പഠിക്കുന്നത്. വിദ്യാർത്ഥികൾക്കുവേണ്ടി ഒരു സ്കൂൾ അധികൃതർ വാഹനസൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും രണ്ടാമത്തെ സ്കൂൾ അധികൃതർ വാഹനസൗകര്യം ഏർപ്പെടുത്താത്തത് വിദ്യാർത്ഥികൾക്ക് ബുദ്ധിമുട്ട് സൃഷ്ടിക്കുന്നതായി അധികൃതർ സമിതിയെ അറിയിച്ചു. മെസ് ചാർജ് കാലോചിതമായി പരിഷ്ക്കരിക്കണമെന്നും ദൈനംദിന ചെലവുകൾക്കായി അഡ്വാൻസ് ഇനത്തിൽ തുക ലഭിക്കാത്തത് ബുദ്ധിമുട്ടുണ്ടാക്കുന്നുവെന്നും ഗ്യാസ് സിലിണ്ടറുകൾ ആവശ്യാനുസരണം ലഭിക്കുന്നില്ലെന്നും ഹോസ്റ്റലിൽ ഇംഗ്ലീഷ് ദിനപ്പത്രംകൂടി ലഭ്യമാക്കിയാൽ വിദ്യാർത്ഥികൾക്ക് പ്രയോജനകരമാകുമെന്നും ട്യൂഷൻ ഫീസും കുട്ടികൾക്കുള്ള പോക്കറ്റ് മണിയും പരിഷ്ക്കരിക്കേണ്ടതുണ്ടെന്നും അധികൃതർ സമിതിയെ അറിയിച്ചു.

**പ്രീ മെട്രിക് ഹോസ്റ്റൽ, അടൂർ**

27. പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അടൂർ പ്രീ മെട്രിക് ഹോസ്റ്റലിൽ അഞ്ച് മുതൽ പത്തുവരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന 22 പെൺകുട്ടികൾ താമസിക്കുന്നുണ്ട്. 6 വർഷം മുമ്പ് പൂർത്തിയാക്കിയ ഹോസ്റ്റലിന്റെ മുകൾനില വൈദ്യുതീകരിച്ചിട്ടില്ലാത്തതിനാലും ടൈലുകൾ പലയിടത്തും ഇളകിയ നിലയിലുമായതിനാൽ കുട്ടികളെ അവിടെ താമസിപ്പിക്കാൻ കഴിയാത്ത അവസ്ഥയിലാണെന്ന് സമിതി മനസ്സിലാക്കി. ഹോസ്റ്റലിലെ പുരുഷ ജീവനക്കാരനായ വാച്ചർക്കായി ഹോസ്റ്റലിനുപുറത്ത് മുറി നിർമ്മിക്കണമെന്ന് വാർഡൻ സമിതിയോട് ആവശ്യപ്പെട്ടു.

ഹോസ്റ്റലിനു വെളിയിൽ ആവശ്യാനുസരണം ലൈറ്റുകളോ വിദ്യാർത്ഥിനികൾ വസ്ത്രങ്ങൾ അലക്കുന്നിടത്ത് വെള്ളം ലഭിക്കുന്നതിനുള്ള സൗകര്യങ്ങളോ നിലവിലില്ല. ഹോസ്റ്റലിന് വളരെ അടുത്ത് പടിഞ്ഞാറുവശത്തായി മൃഗാശുപത്രി സ്ഥാപിക്കാൻ അടൂർ മുനിസിപ്പാലിറ്റി നീക്കം നടത്തുന്നതായി ഹോസ്റ്റൽ ജീവനക്കാർ സമിതിയെ അറിയിച്ചു. മൃഗാശുപത്രിയുടെ പ്രവർത്തനം ഹോസ്റ്റലിലെ അന്തേവാസികളുടെ സ്വൈര്യജീവിതത്തെ ബാധിക്കാതിരിക്കുന്നതിനുവേണ്ടി, അടൂരിലെ പെൺകുട്ടികളുടെ പ്രീ മെട്രിക് ഹോസ്റ്റലിന്റെ മുൻവശത്തായി മൃഗാശുപത്രി സ്ഥാപിക്കാനുള്ള അടൂർ നഗരസഭയുടെ തീരുമാനം പുനഃപരിശോധിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**പ്രീ മെട്രിക് ഹോസ്റ്റൽ, പന്തളം**

28. പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പന്തളം പ്രീ മെട്രിക് ഹോസ്റ്റലിൽ അഞ്ച് മുതൽ പത്തുവരെ ക്ലാസുകളിലായി 30 പെൺകുട്ടികൾ താമസിക്കുന്നുണ്ട്. പ്രസ്തുത ഹോസ്റ്റലിലെ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ തൃപ്തികരമാണെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടു.

**പ്രീ മെട്രിക് ഹോസ്റ്റൽ, മല്ലപ്പള്ളി**

29. പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മല്ലപ്പള്ളി പ്രീ മെട്രിക് ഹോസ്റ്റലിൽ അഞ്ച് മുതൽ പത്തുവരെ ക്ലാസുകളിലായി 17 പെൺകുട്ടികൾ താമസിക്കുന്നുണ്ട്. മെസ്സ് ഹാളിൽ ആവശ്യത്തിന് ലൈറ്റുകളില്ലെന്നും അടുക്കളയിൽ ചോർച്ചയുണ്ടെന്നും ഹോസ്റ്റലിലേക്കുള്ള ഇടുങ്ങിയ റോഡിൽ സ്വകാര്യ വ്യക്തി മതിൽ ഇറക്കികെട്ടിയിരിക്കുന്നതിനാൽ പാചകവാതകം കൊണ്ടുവരുന്ന വാഹനം ഉൾപ്പെടെയുള്ള വാഹനങ്ങൾക്ക് ഹോസ്റ്റലിനടുത്ത് എത്താൻ കഴിയുന്നില്ലെന്നും ഹോസ്റ്റൽ ജീവനക്കാർ അറിയിച്ചു. ഹോസ്റ്റലിൽ നാപ്കിൻ വെൻഡിംഗ് മെഷീൻ സ്ഥാപിക്കുന്നതിനാവശ്യമായ നടപടി ഉണ്ടാകണമെന്ന് ബന്ധപ്പെട്ട അധികൃതർ സമിതിയോട് ആവശ്യപ്പെട്ടു.

**പ്രീ മെട്രിക് ഹോസ്റ്റൽ, തിരുവല്ല**

30. പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള തിരുവല്ല പ്രീ മെട്രിക് ഹോസ്റ്റലിൽ അഞ്ച് മുതൽ പത്തുവരെ ക്ലാസ്സുകളിലായി 29 പെൺകുട്ടികൾ താമസിക്കുന്നു. ഹോസ്റ്റലിൽ മെഡിക്കൽ ക്യാമ്പ് സ്ഥിരമായി നടത്തുന്നുണ്ടെന്നും രണ്ടുവർഷം മുൻപ് മികച്ച ഹോസ്റ്റലിനുള്ള അവാർഡ് ലഭിച്ചിട്ടുണ്ടെന്നും അധികൃതർ അറിയിച്ചു. മെസ്സ് ഫീസ് കൂട്ടണമെന്നും ഗ്യാസ് സിലിണ്ടറുകൾ കൂടുതൽ അനുവദിക്കണമെന്നും അഡ്വാൻസ് തുക പുനഃസ്ഥാപിക്കണമെന്നും ഹോസ്റ്റൽ അധികൃതർ സമിതിയോട് ആവശ്യപ്പെട്ടു. ഇംഗ്ലീഷ്, ഹിന്ദി, സയൻസ്, കണക്ക് എന്നീ വിഷയങ്ങൾ കൂടാതെ സോഷ്യൽ സയൻസിനും പ്രത്യേക ട്യൂഷൻ ഏർപ്പെടുത്തണമെന്നും പോക്കറ്റ് മണി വർദ്ധിപ്പിക്കണമെന്നും വിദ്യാർത്ഥികൾ ആവശ്യപ്പെട്ടു.

## കൊല്ലം ജില്ല

31. സമിതി കൊല്ലം ജില്ലാ സന്ദർശനത്തോടനുബന്ധിച്ച് കൊല്ലം കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ 2013 സെപ്റ്റംബർ 3-ാം തീയതി യോഗം ചേർന്ന് ജില്ലയിലെ ഉദ്യോഗസ്ഥരിൽനിന്നും തെളിവെടുത്തു.

32. ജില്ലയിൽ പട്ടികജാതി വികസന വകുപ്പിനു കീഴിലുള്ള പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളെ സംബന്ധിച്ച വിശദാംശം സമിതി ആരാഞ്ഞതിന് പട്ടികജാതി വികസന വകുപ്പിനുകീഴിൽ പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും ഓരോ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുണ്ട്. കൂടാതെ പെൺകുട്ടികൾക്കായി പുനലൂർ, കുന്നത്തൂർ, ചക്കുവള്ളി എന്നിവിടങ്ങളിലും ആൺകുട്ടികൾക്കായി പുത്തൂർ, എഴുകോൺ, ചാത്തന്നൂർ, ശാസ്താംകോട്ട, ഓച്ചിറ എന്നിവിടങ്ങളിലും പ്രീ മെട്രിക് ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നുണ്ട്. പ്രീ മെട്രിക് ഹോസ്റ്റലുകളുടെ 10% സീറ്റുകൾ പട്ടികവർഗ്ഗം ഉൾപ്പെടെയുള്ള മറ്റു വിഭാഗക്കാർക്കായി നീക്കിവച്ചിട്ടുണ്ടെന്നും ജില്ലാ പട്ടികജാതി വികസന ഓഫീസർ അറിയിച്ചു. പെൺകുട്ടികളുടെ ഹോസ്റ്റലുകളിൽ വാർഡൻമാരായി വനിതകളെയാണ് നിയമിച്ചിട്ടുള്ളത്. 24 മണിക്കൂറും ഹോസ്റ്റലിൽ താമസിക്കേണ്ടതിനാൽ വാർഡന്മാരായി സേവനമനുഷ്ഠിക്കാൻ പലരും തയ്യാറാകുന്നില്ല. പബ്ലിക് സർവ്വീസ് കമ്മീഷൻ 10 പേരെ അഡ്വൈസ് ചെയ്തതിൽ ഒരാൾ മാത്രമാണ് ജോലിക്ക് ഹാജരായത്. സ്ഥിരം വാർഡൻമാരില്ലാത്ത ഹോസ്റ്റലുകളിൽ ദിവസവേതന ക്കാരെയാണ് നിയമിച്ചിട്ടുള്ളതെന്നും ബി.എഡ് യോഗ്യതയുള്ളവരെ വാർഡൻമാരായി നിയമിക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടെന്നും ജില്ലാ പട്ടികജാതി വികസന ഓഫീസർ അറിയിക്കുകയുണ്ടായി.

33. ജില്ലയിൽ പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിലുള്ള പ്രീ മെട്രിക് ഹോസ്റ്റലുകളുടെ പ്രവർത്തനം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ ജില്ലയിൽ 4 പ്രീ മെട്രിക് ഹോസ്റ്റലുകളുണ്ടെന്നും, ഇവയിൽ അച്ചൻകോവിൽ, കുളത്തൂപ്പുഴ എന്നിവിടങ്ങളിലെ ഹോസ്റ്റലുകൾ പെൺകുട്ടികൾക്കും കൊല്ലം-അമൃതകുളം, ഉറുകുന്ന് എന്നിവിടങ്ങളിലെ ഹോസ്റ്റലുകൾ ആൺകുട്ടികൾക്കുമുള്ളതാണെന്നും ഹോസ്റ്റലുകളിലെല്ലാം ട്യൂഷൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടെന്നും 2 ജോഡി സ്കൂൾ യൂണിഫോമും നൈറ്റ് ഡ്രസ്സും കുട്ടികൾക്ക് വിതരണം ചെയ്തിട്ടുണ്ടെന്നും റ്റി.ഡി.ഒ. സമിതിയെ അറിയിച്ചു. ഹോസ്റ്റലുകളെല്ലാം സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. എന്നാൽ അച്ചൻകോവിൽ പ്രീ മെട്രിക് ഹോസ്റ്റലിന്റെ സ്ഥലപരിമിതിയും കാലപ്പഴക്കവും പരിഗണിച്ച് 100 കുട്ടികൾക്ക് താമസിക്കാൻ സൗകര്യമുള്ള ഒരു പുതിയ ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുന്നതിന് പൊതുമരാമത്ത് വകുപ്പ്-കെട്ടിട വിഭാഗത്തോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ആയത് ഉടൻ ലഭ്യമാക്കി ഭരണാനുമതിക്കും ഫണ്ടിനുംവേണ്ടി എസ്.ടി. ഡയറക്ടർക്ക് സമർപ്പിക്കുമെന്നും റ്റി.ഡി.ഒ. അറിയിച്ചു.

34. അച്ചൻകോവിൽ പ്രീ മെട്രിക് ഹോസ്റ്റലിൽ, സമീപകാലത്തായി വനത്തിനുള്ളിൽനിന്നും കൊണ്ടുവന്ന 5 കുട്ടികളടക്കം നിലവിൽ 46 കുട്ടികളുണ്ടെന്നും ഇനിയും കുട്ടികളെ അവിടെ പ്രവേശിപ്പിക്കാൻ സൗകര്യങ്ങളില്ലെന്നും എന്നാൽ സ്കൂളിൽ പോകാതെ നിൽക്കുന്ന എല്ലാ കുട്ടികളെയും ഓണാവധിക്കുശേഷം എം.ആർ.എസിലും മറ്റു പ്രീ മെട്രിക് ഹോസ്റ്റലുകളിലുമായി പ്രവേശിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമെന്ന് റ്റി.ഡി.ഒ. ഉറപ്പുനൽകി.

35. കൊല്ലം ജില്ലയിലെ ദുർഘടപ്രദേശങ്ങളിൽനിന്നും പോസ്റ്റ് മെട്രിക് തലത്തിൽ പഠനം നടത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾ കൊല്ലം കേന്ദ്രീകരിച്ചുള്ള കോളേജുകളെയാണ് പ്രധാനമായും ആശ്രയിക്കുന്നത് എന്നതിനാൽ കൊല്ലം നഗരത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ ഒരു പോസ്റ്റ് മെട്രിക് ഹോസ്റ്റൽ അനിവാര്യമാണെന്ന് റ്റി.ഡി.ഒ. സമിതിയെ അറിയിച്ചു. കൊല്ലത്ത് പട്ടികജാതി വികസന വകുപ്പിനുകീഴിലുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ 17 ശതമാനം മാത്രമാണ് പട്ടികവർഗ്ഗക്കാർക്കായി നീക്കിവച്ചിട്ടുള്ളതെന്നും എന്നാൽ പട്ടികജാതിക്കാരുടെ സീറ്റുകൾ പലതും ഒഴിഞ്ഞുകിടക്കുകയാണെന്നും ജില്ലാ പട്ടികജാതി വികസന ഓഫീസർ അറിയിച്ചു.

തുടർന്ന് സമിതി അച്ചൻകോവിൽ പ്രീ മെട്രിക് ഹോസ്റ്റൽ സന്ദർശിച്ചു.

**പ്രീ മെട്രിക് ഹോസ്റ്റൽ, അച്ചൻകോവിൽ**

36. ഒന്ന് മുതൽ ഹയർ സെക്കന്ററിതലംവരെ ക്ലാസ്സുകളിലായി 46 പെൺകുട്ടികൾ താമസിക്കുന്ന ഹോസ്റ്റൽ കെട്ടിടത്തിന് ചോർച്ചയുള്ളതും കുളിമുറിയിലെ കതകുകൾക്ക് കുറ്റിയും കൊളുത്തുമില്ലാത്തതും സമിതിയുടെ ശ്രദ്ധയിൽപ്പെട്ടു. ഹോസ്റ്റലിൽ ലൈബ്രറി ഹാൾ വേണമെന്നും പുസ്തകങ്ങൾ സൂക്ഷിക്കാൻ അലമാര വേണമെന്നും കമ്പ്യൂട്ടർ പ്രവർത്തനസജ്ജമാക്കണമെന്നും കുട്ടികൾ സമിതിയോട് ആവശ്യപ്പെട്ടു.

37. ഹോസ്റ്റലിലെ പഠനനിലവാരം മോശമാണെന്നും എട്ടാം ക്ലാസ്സിൽ പഠനം നിർത്തിയ കുട്ടിക്കുപോലും എഴുത്തും വായനയും അറിയില്ലെന്നും പുതിയ കുട്ടികളെ പ്രവേശിപ്പിക്കുന്നതിനുള്ള സൗകര്യം ഹോസ്റ്റലിൽ ഇല്ലെന്നും ജലദൗർലഭ്യംമൂലം പെൺകുട്ടികൾ പലപ്പോഴും സമീപത്തെ ആറ്റിൽപ്പോയാണ് കുളിക്കുന്നതെന്നും ഒന്നര ഏക്കർ സ്ഥലമുണ്ടായിരുന്ന ഹോസ്റ്റൽ കോമ്പൗണ്ട് പലരും കയ്യേറിയിരിക്കുകയാണെന്നും അച്ചൻകോവിൽ കോളനി സന്ദർശിച്ച അവസരത്തിൽ കോളനി നിവാസികൾ സമിതിയെ ബോദ്ധ്യപ്പെടുത്തുകയുണ്ടായി. ഹോസ്റ്റലിലെയും കോളനിയിലെയും കുട്ടികളെ സ്കൂളിൽ എത്തിക്കുന്നതിന് വാഹനസൗകര്യം ഏർപ്പെടുത്തണമെന്നും അച്ചൻകോവിലിൽ ആൺകുട്ടികൾക്കുകൂടി ഹോസ്റ്റൽ നിർമ്മിക്കുന്നതിനുള്ള നടപടിയുണ്ടാകണമെന്നും കോളനി നിവാസികൾ ആവശ്യപ്പെട്ടു.

38. അച്ചൻകോവിലിലും സമീപകോളനികളിലും സ്കൂളിൽ പോകാത്ത കുട്ടികൾ ഏറെയുണ്ടെന്ന് സമിതിയുടെ അച്ചൻകോവിൽ സന്ദർശനവേളയിൽ ബോധ്യപ്പെടുകയുണ്ടായി. കുട്ടികളിൽ പലർക്കും സ്കൂളിൽ പോകുന്നതിനും പഠിക്കുന്നതിനും താല്പര്യമുണ്ടെങ്കിലും രക്ഷിതാക്കളുടെ അറിവില്ലായ്മമൂലമാണ് അവർ കുട്ടികളെ സ്കൂളിൽ അയയ്ക്കാത്തതെന്ന് സമിതിക്ക് മനസ്സിലാക്കാൻ സാധിച്ചു. സ്കൂളിൽ പോകാത്ത കുട്ടികളെ കണ്ടെത്തി, അവരെ സ്കൂളിൽ അയയ്ക്കുന്നതിനുള്ള നടപടി ഉണ്ടാകേണ്ടത് വകുപ്പിന്റെ ചുമതലയാണെന്ന് സമിതി അഭിപ്രായപ്പെട്ടു. വിദ്യാഭ്യാസത്തിന്റെ മൂല്യങ്ങളെപ്പറ്റി രക്ഷിതാക്കളെ ബോധവത്ക്കരിക്കണമെന്നും സ്കൂളിൽ പോകാതെ നിൽക്കുന്ന എല്ലാ കുട്ടികളെയും സൗകര്യപ്രദമായ ഹോസ്റ്റലുകളിൽ താമസിപ്പിച്ച് സ്കൂളിൽ അയയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

39. അച്ചൻകോവിൽ പ്രീ മെട്രിക് ഹോസ്റ്റലിന്റെ സ്ഥലപരിമിതിയും കാലപ്പഴക്കവും പരിഗണിച്ച് നൂറു കുട്ടികൾക്കു താമസിക്കാൻ സൗകര്യമുള്ള ഒരു പുതിയ ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകാൻ പൊതുമരാമത്ത് കെട്ടിട വിഭാഗത്തോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ആയത് ഉടൻലഭ്യമാക്കി ഭരണാനുമതിക്കും ഫണ്ടിനുംവേണ്ടി എസ്.ടി. ഡയറക്ടർക്ക് സമർപ്പിക്കുമെന്നും സമിതിയുടെ അച്ചൻകോവിൽ സന്ദർശനവേളയിൽ റ്റി.ഡി.ഒ. അറിയിക്കുകയുണ്ടായി. അച്ചൻകോവിൽ പ്രീ മെട്രിക് ഹോസ്റ്റലിന്റെ പുതിയ കെട്ടിട നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കണമെന്നും അച്ചൻകോവിലിൽ ആൺകുട്ടികൾക്കുകൂടി പ്രീ മെട്രിക് ഹോസ്റ്റൽ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കൊല്ലം ജില്ലയിലെ പല ഹോസ്റ്റലുകളിലും പട്ടികജാതിക്കാർക്കായി നീക്കിവച്ചിട്ടുള്ള സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നതായി സമിതി മനസ്സിലാക്കി. അച്ചൻകോവിലിലും സമീപകോളനികളിലും സ്കൂളിൽ പോകാത്ത കുട്ടികൾ ഏറെയുണ്ടെന്നും, അവരെയെല്ലാം ഹോസ്റ്റലുകളിൽ താമസിപ്പിച്ച് സ്കൂളിൽ അയയ്ക്കുന്നതിനുള്ള നടപടിയുണ്ടാകേണ്ടത് ആവശ്യമാണെന്ന് സമിതി അഭിപ്രായപ്പെട്ടു. അച്ചൻകോവിലിൽ സ്കൂളിൽ പോകാതെ നിൽക്കുന്ന കുട്ടികളെ കണ്ടെത്തി പട്ടികജാതിക്കായി നീക്കിവച്ചിട്ടുള്ളതിൽ ഒഴിവുള്ള ഹോസ്റ്റലുകളിൽ പ്രവേശിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## കണ്ണൂർ ജില്ല

40. കണ്ണൂർ ജില്ലാ സന്ദർശനത്തോടനുബന്ധിച്ച് കണ്ണൂർ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ 2013 ഒക്ടോബർ 24-ാം തീയതി യോഗം ചേർന്ന്, ഉദ്യോഗസ്ഥരിൽനിന്നും തെളിവെടുത്തു.

41. കണ്ണൂർ പട്ടണത്തിൽ സ്ഥിതിചെയ്യുന്ന ആൺകുട്ടികൾക്കുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റലിൽ 39 കുട്ടികൾ താമസിക്കുന്നുവെന്നും 1960-ൽ ആരംഭിച്ച പ്രസ്തുത ഹോസ്റ്റൽ 58 സെന്റ് സ്ഥലത്ത് സ്ഥിതിചെയ്യുന്നുവെന്നും ജില്ലാ പട്ടികജാതി വികസന ഓഫീസർ അറിയിച്ചു. ഇടിഞ്ഞുപൊളിഞ്ഞ നിലയിൽ കാണപ്പെടുന്ന പ്രസ്തുത ഹോസ്റ്റലിൽ മഴക്കാലത്ത് വെള്ളം കയറുന്നുണ്ടെന്നുള്ള പരാതികൾ

സമിതിക്ക് ലഭിച്ചിട്ടുണ്ടെന്നും പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഫണ്ട് നൽകാൻ വകുപ്പ് തയ്യാറായിട്ടും അറ്റകുറ്റപ്പണികൾപോലും നടത്താൻ ബന്ധപ്പെട്ടവർ തയ്യാറായിട്ടില്ലെന്ന് സമിതി വിലയിരുത്തി. പ്രസ്തുത ഹോസ്റ്റലിൽ 9 ലക്ഷം രൂപയുടെ അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ടെന്നും ഹോസ്റ്റൽ കെട്ടിടത്തിനു ചുറ്റുമുള്ള റോഡ് കെട്ടിടത്തെക്കാൾ ഉയർന്നതായതിനാൽ മഴക്കാലത്ത് റോഡിൽനിന്നുള്ള വെള്ളം മുഴുവനും കെട്ടിടത്തിന്റെ ഉള്ളിലേക്കു കയറുന്നത് ഒഴിവാക്കുന്നതിന് പുതിയ കെട്ടിടം നിർമ്മിച്ചാൽ മാത്രമേ പ്രസ്തുത പ്രശ്നം പരിഹരിക്കാൻ സാധിക്കുകയുള്ളൂവെന്ന് ജില്ലാ പട്ടികജാതി വികസന ഓഫീസർ അറിയിച്ചു. നിലവിലുള്ള കെട്ടിടത്തിന്റെ പുറകിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്ഥലമുണ്ടെന്നും എന്നാൽ പുതിയ കെട്ടിടത്തിന്റെ എസ്റ്റിമേറ്റ് എടുത്തിട്ടില്ലെന്നും പട്ടികജാതി വികസന ഡയറക്ടറുടെ അനുമതിയോടെ പുതിയ കെട്ടിടത്തിന്റെ എസ്റ്റിമേറ്റ് എടുത്തശേഷം ഫണ്ട് വകയിരുത്താൻ സർക്കാരിനോടാവശ്യപ്പെടുമെന്നും, പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള അനുമതിക്കായി കളക്ടർ കത്തയച്ചതിന്റെയടിസ്ഥാനത്തിൽ എസ്.സി. ഡയറക്ടറും കളക്ടറുംകൂടി സംയുക്ത പരിശോധന നടത്താൻ തീരുമാനിച്ചിട്ടുണ്ടെന്നും ജില്ലാ പട്ടികജാതി വികസന ഓഫീസർ അറിയിച്ചു.

42. പ്രീ മെട്രിക് ഹോസ്റ്റലുകളിൽ കഴിഞ്ഞവർഷം നൂറുശതമാനം വിജയമായി രുന്നെന്നും നാലു വിഷയങ്ങൾക്ക് ട്യൂഷൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടെന്നും സോഷ്യൽ സയൻസിനുകൂടി ട്യൂഷൻ വേണമെന്നുള്ള ശിപാർശയുണ്ടെങ്കിലും അനുമതി ലഭിച്ചിട്ടില്ലെന്നും ജില്ലാ പട്ടികജാതി വികസന ഓഫീസർ അറിയിച്ചു. പെൺകുട്ടികളുടെ ഹോസ്റ്റലുകളിൽ വനിതാ വാർഡൻമാരെയാണ് നിയമിച്ചിട്ടുള്ള തെന്നും എന്നാൽ വാച്ചർമാരായി പുരുഷൻമാർ സേവനമനുഷ്ഠിക്കുന്നുണ്ടെന്നും പി.എസ്.സി.-യുടെ ലാസ്റ്റ് ഗ്രേഡ് സർവന്റ്സ് റാങ്ക് ലിസ്റ്റിൽ നിന്നുമാണ് വാച്ചർ നിയമനം നടക്കുന്നതെന്നതിനാൽ വനിതകളെ മാത്രമായി തെരഞ്ഞെടുക്കാൻ സാധിക്കില്ലെന്നും ജില്ലാ പട്ടികജാതി വികസന ഓഫീസർ കൂട്ടിച്ചേർത്തു.

തുടർന്ന് സമിതി കണ്ണൂരിലെ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ സന്ദർശിച്ചു.

43. കണ്ണൂർ പട്ടണത്തിൽ സ്ഥിതിചെയ്യുന്ന പോസ്റ്റ് മെട്രിക് ഹോസ്റ്റലിന് ചുറ്റുമുള്ള റോഡ്, ഹോസ്റ്റൽ കെട്ടിടത്തെക്കാൾ ഉയർന്നതായതിനാൽ മഴക്കാലത്ത് റോഡിൽനിന്നുള്ള വെള്ളം മുഴുവനും ഹോസ്റ്റലിനുള്ളിലേക്കു കയറുന്നുണ്ടെന്നും പുതിയ കെട്ടിടം നിർമ്മിച്ചാൽ മാത്രമേ പ്രസ്തുത പ്രശ്നത്തിന് ശാശ്വത പരിഹാര മാകുകയുള്ളൂവെന്നും ഹോസ്റ്റൽ സന്ദർശനവേളയിൽ സമിതിക്ക് ബോധ്യപ്പെടുകയുണ്ടായി. നിലവിലുള്ള കെട്ടിടത്തിന്റെ പുറകുവശത്തായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്ഥലമുള്ളതിനാൽ, കണ്ണൂർ പോസ്റ്റ് മെട്രിക് ഹോസ്റ്റലിന്റെ നിലവിലുള്ള കെട്ടിടം നിലനിർത്തിക്കൊണ്ടുതന്നെ, ഹോസ്റ്റലിന്റെ പുറകിലുള്ള സ്ഥലത്ത് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ഇടുക്കി ജില്ല

44. ഇടുക്കി ജില്ലാ സന്ദർശനത്തോടനുബന്ധിച്ച് ദേവികുളം ബ്ലോക്ക് പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ 2013 നവംബർ 20-ാം തീയതി സമിതി യോഗം ചേർന്ന് ജില്ലയിലെ ഹോസ്റ്റലുകളുടെ പ്രവർത്തനം സംബന്ധിച്ച് ഉദ്യോഗസ്ഥരുമായി ചർച്ച നടത്തിയതിൽ, ജില്ലയിൽ പോസ്റ്റ് മെട്രിക് ഹോസ്റ്റലില്ലെന്നും പ്രീ മെട്രിക് ഹോസ്റ്റലുകളിൽ താമസിക്കുന്നതിന് കുട്ടികൾ താല്പര്യം കാണിക്കുന്നുണ്ടെങ്കിലും പഠനത്തിൽ വേണ്ടത്ര താൽപ്പര്യം കാണിക്കുന്നില്ലെന്നും കുട്ടികൾക്ക് കൗൺസിലിംഗ് ഏർപ്പെടുത്തിയിട്ടുണ്ടെന്നും പ്രോജക്ട് ഓഫീസർ അറിയിച്ചു. വളരെ മോശപ്പെട്ട സാഹചര്യത്തിൽനിന്ന് സ്കൂളുകളിലേക്കും ഹോസ്റ്റലുകളിലേക്കും എത്തുന്ന കുട്ടികളുടെ പ്രശ്നങ്ങൾ കൗൺസിലിംഗിലൂടെ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ സമിതി നിർദ്ദേശം നൽകി. പഠിക്കാൻ കഴിവുള്ള കുട്ടികൾ പത്താം ക്ലാസ്സ് പഠനം കഴിഞ്ഞ് ഊരുകളിലേക്ക് പോയതിനുശേഷം തുടർവിദ്യാഭ്യാസം നടത്താതെ പഠിത്തം അവസാനിപ്പിക്കുന്ന സാഹചര്യങ്ങൾ നിലവിലുള്ളതായി മനസ്സിലാക്കിയ സമിതി, പ്രസ്തുത കുട്ടികളെ കണ്ടെത്തി തുടർവിദ്യാഭ്യാസം നൽകുന്നതിനുള്ള നടപടി വകുപ്പിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് നിർദ്ദേശിക്കുകയുണ്ടായി. എല്ലാ പട്ടികവർഗ്ഗ കോളനികളിലെയും അംഗനവാടികൾ കേന്ദ്രീകരിച്ച് ഏകാധ്യാപക മൾട്ടി ഗ്രേഡ് ലേണിംഗ് സെന്ററുകളും സ്കൂളിൽ പോകാത്ത കുട്ടികളെ അവിടെപ്പോയി പഠിപ്പിക്കുന്നതിനുള്ള സൗകര്യവും ചെയ്യുന്നുണ്ടെന്ന് പ്രോജക്ട് ഓഫീസർ സമിതിയെ അറിയിച്ചു. ആദിവാസി കോളനികളിലെ എല്ലാ കുട്ടികളെയും സ്കൂളിൽ എത്തിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് സമിതി നിർദ്ദേശിച്ചു.

45. മറയൂരിലെ പെൺകുട്ടികളുടെ ഹോസ്റ്റൽ വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്നും ആവശ്യത്തിന് സൗകര്യങ്ങളില്ലാത്തതിനാൽ ജനുവരി ഒന്ന് മുതൽ പഞ്ചായത്തിന്റെ ഒരു താൽക്കാലിക കെട്ടിടത്തിലേക്ക് ഹോസ്റ്റലിന്റെ പ്രവർത്തനം മാറ്റുമെന്നും ഹോസ്റ്റലിനുവേണ്ടി 50 സെന്റ് സ്ഥലം ഉടനെ ലഭിക്കുമെന്നും പ്രോജക്ട് ഓഫീസർ അറിയിച്ചു. തുടർന്ന് സമിതി അടിമാലി, ഇരുമ്പുപാലം, മൂന്നാർ എന്നിവിടങ്ങളിലെ പ്രീ മെട്രിക് ഹോസ്റ്റലുകൾ സന്ദർശിച്ചു.

**പ്രീ മെട്രിക് ഹോസ്റ്റൽ, അടിമാലി**

46. അടിമാലിയിലെ ആൺകുട്ടികളുടെ ഹോസ്റ്റലിൽ 60 പേരും പെൺകുട്ടികളുടെ ഹോസ്റ്റലിൽ 121 പേരും താമസിക്കുന്നുണ്ട്. ഹോസ്റ്റലുകളിൽ പുതിയ ഫർണിച്ചറുകൾ വാങ്ങുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടെങ്കിലും പർച്ചേയ്സ് നടത്തുന്നതിനുള്ള അനുമതി ഡയറക്ടറേറ്റിൽനിന്നും ലഭിച്ചിട്ടില്ലെന്ന് പ്രോജക്ട് ഓഫീസർ അറിയിച്ചു. ഹോസ്റ്റലുകളിൽ ഉൾക്കൊള്ളാൻ കഴിയുന്നതിലും അധികം കുട്ടികൾ താമസിക്കുന്നുണ്ടെന്ന് വാർഡൻ അറിയിച്ചു. കുട്ടികളെ താമസിപ്പിച്ചിരിക്കുന്ന മുറിയിലെ ഇളകിയ കട്ടിലുകൾ അറ്റകുറ്റപ്പണി നടത്തണമെന്നും പുതിയ ഫർണിച്ചറുകൾ വാങ്ങുന്നതിനുള്ള സംവിധാനം അടിയന്തരമായി ചെയ്യണമെന്നും പഠനത്തിൽ മോശമായ കുട്ടികൾക്ക് ട്യൂഷനും കൗൺസിലിംഗും ഏർപ്പെടുത്തണമെന്നും സമിതി നിർദ്ദേശിച്ചു.

**പ്രീ മെട്രിക് ഹോസ്റ്റൽ, ഇരുമ്പുപാലം**

47. സ്വന്തമായി 10.5 ഏക്കർ ഭൂമിയുണ്ടായിരുന്ന ഇരുമ്പുപാലം പ്രീ മെട്രിക് ഹോസ്റ്റലിന് നിലവിൽ രണ്ട് ഏക്കറിൽ താഴെ ഭൂമി മാത്രമേ കൈവശമുള്ളൂവെന്നും വളരെ പരിമിതമായ സ്ഥലസൗകര്യമാണ് ഹോസ്റ്റലിൽ നിലവിലുളളതെന്നും ഒരു മുറിയിൽ 30 കുട്ടികൾവീതം താമസിക്കുന്നുവെന്നും കുട്ടികൾ നിലത്താണ് കിടക്കുന്നതെന്നും ഫർണിച്ചറുകൾ ആവശ്യാനുസരണമില്ലെന്നും വാർഡൻ സമിതിയെ ധരിപ്പിച്ചു. രണ്ട് നിലകളിലായി 60 കുട്ടികളെ താമസിപ്പിക്കാൻ കഴിയുന്ന വിധത്തിൽ പുതിയ കെട്ടിടം പണിയുന്നതിനുളള ഫണ്ട് ലഭിച്ചിട്ടുണ്ടെന്നും കിഡ്കോയ്ക്കാണ് നിർമ്മാണ ചുമതലയെന്നും പ്രോജക്ട് ഓഫീസർ അറിയിച്ചു.

**പ്രീ മെട്രിക് ഹോസ്റ്റൽ, മൂന്നാർ**

48. ഹോസ്റ്റൽ പ്രവർത്തിക്കുന്ന കെട്ടിടം 24 വർഷത്തോളം പഴക്കമുളള താണെന്നും ഒരു മുറിയിൽ അഞ്ച് കുട്ടികൾവീതം താമസിക്കുന്നുണ്ടെന്നും സമിതി മനസ്സിലാക്കി. മെനു അനുസരിച്ച് ഭക്ഷണം നൽകുന്നുണ്ടെന്നും അന്തേവാസികൾക്ക് ട്യൂഷൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടെന്നും സ്കൂൾ യൂണിഫോം, നൈറ്റ് ഡ്രസ്, ബെഡ്ഷീറ്റ് എന്നിവ വിതരണം ചെയ്തിട്ടുണ്ടെന്നും ഹോസ്റ്റൽ ജീവനക്കാർ സമിതിയെ അറിയിച്ചു. ഹോസ്റ്റലിൽനിന്നും വിനോദയാത്ര സംഘടിപ്പിക്കണമെന്ന് കുട്ടികൾ സമിതിയോട് ആവശ്യപ്പെട്ടു. ഹോസ്റ്റലിൽ ഉപദേശകസമിതിയോഗം കൃത്യമായി ചേരണമെന്നും കൗൺസിലറുടെ സേവനം കുറ്റമറ്റതാക്കണമെന്നും അന്തേവാസികളുടെ പഠനകാര്യങ്ങളിൽ വാർഡൻ വേണ്ടത്ര ശ്രദ്ധ ചെലുത്തണ മെന്നും കുട്ടികളുടെ പഠനപുരോഗതി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കണമെന്നും സമിതി നിർദ്ദേശം നൽകി.

## മലപ്പുറം ജില്ല

49. മലപ്പുറം ജില്ലാ സന്ദർശനത്തോടനുബന്ധിച്ച് 23-12-2013-ാം തീയതി മലപ്പുറം കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ യോഗം ചേർന്ന് ജില്ലയിലെ പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ പ്രവർത്തനം സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തിയതിൽ ജില്ലയിൽ പട്ടികവർഗ്ഗവികസന വകുപ്പിനുകീഴിൽ 10 പ്രീ മെട്രിക് ഹോസ്റ്റലുകളുണ്ടെന്നും എന്നാൽ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ ഇല്ലെന്നും പ്രീ മെട്രിക് ഹോസ്റ്റലുകളിലേക്ക് അപേക്ഷിക്കുന്ന എല്ലാ കുട്ടികൾക്കും പ്രവേശനം നൽകാൻ സ്ഥലസൗകര്യങ്ങളുടെ അഭാവമുണ്ടെന്നും ചില ഹോസ്റ്റലുകൾ വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്നും പ്രോജക്ട് ഓഫീസർ അറിയിച്ചു. സ്വന്തമായി കെട്ടിടമില്ലാത്ത ഹോസ്റ്റലുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടെന്നും കെട്ടിടനിർമ്മാണത്തിനനുയോജ്യമായ സ്ഥലം വിട്ടുനൽകാമെന്ന് പഞ്ചായത്ത് അധികൃതർ സമ്മതിച്ചിട്ടുളളതായും കൂടാതെ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലും സമർപ്പിച്ചിട്ടുണ്ടെന്നും പ്രോജക്ട് ഓഫീസർ അറിയിച്ചു. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ള

കുട്ടികളുടെ വിദ്യാഭ്യാസത്തിനുവേണ്ടി കോടിക്കണക്കിന് തുക കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ ചെലവഴിക്കുന്നുണ്ടെങ്കിലും, പട്ടികവർഗ്ഗ മേഖലകളിൽ നിന്നുള്ള സമർത്ഥരായ കുട്ടികൾപോലും പത്താം ക്ലാസിനുശേഷം പഠനം അവസാനിപ്പിക്കുന്ന പ്രവണതയുള്ളതായും കൗൺസിലിംഗിലൂടെ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കണമെന്നും സമിതി നിർദ്ദേശിച്ചു. ജില്ലയിൽ പെൺകുട്ടികൾക്കുവേണ്ടിയുള്ള 4 പ്രീ മെട്രിക് ഹോസ്റ്റലുകളിലും വനിതാ വാർഡന്മാരെയാണ് നിയമിച്ചിട്ടുള്ളതെന്ന് പ്രോജക്ട് ഓഫീസർ അറിയിച്ചു.

50. സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെ അനുവദനീയമായ കുട്ടികളുടെ എണ്ണവും 2013-14 വർഷത്തെ നിലവിലുള്ള കുട്ടികളുടെ എണ്ണം സംബന്ധിച്ചുള്ള വിവരവും അനുബന്ധമായി ചേർത്തിരിക്കുന്നു.

## പൊതുവായ ശിപാർശകൾ

51. സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന എല്ലാ പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും സന്ദർശിച്ച്, കുട്ടികളുടെ പ്രശ്നങ്ങൾ മനസ്സിലാക്കാൻ സമിതിക്ക് സാധിച്ചിട്ടില്ല. എങ്കിലും പരിമിതമായ സമയത്തിനുള്ളിൽ നടത്തിയ സന്ദർശനത്തിൽനിന്നും പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ അവസ്ഥ മനസ്സിലാക്കിയ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും ഹോസ്റ്റലുകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിനുവേണ്ടിയുള്ള സമിതിയുടെ ശിപാർശകളും ചുവടെ ചേർക്കുന്നു:

52. പട്ടികജാതി വികസന വകുപ്പിന്റെയും പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും കീഴിലുള്ള ഒട്ടേറെ പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. അടിസ്ഥാന സൗകര്യങ്ങൾ കുറവായ പ്രസ്തുത കെട്ടിടങ്ങൾക്കുവേണ്ടി വാടകയിനത്തിൽ ലക്ഷക്കണക്കിന് രൂപ ബന്ധപ്പെട്ട വകുപ്പുകൾ വർഷംതോറും ചെലവഴിക്കുന്നുണ്ട്. ഹോസ്റ്റലുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുകയോ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുകയോ ചെയ്യാത്തതിനാൽ പരിതാപകരമായ അവസ്ഥയിലാണ് സ്വന്തമായി കെട്ടിടങ്ങൾ ഉള്ള ഹോസ്റ്റലുകൾപോലും പ്രവർത്തിക്കുന്നതെന്ന് സന്ദർശനവേളകളിൽ സമിതിക്ക് കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടിയും സ്വന്തമായി കെട്ടിടമുള്ള ഹോസ്റ്റലുകളുടെ അറ്റകുറ്റപ്പണികൾക്കുമായി കോടിക്കണക്കിന് രൂപയുടെ ഫണ്ട് വകുപ്പുകൾ നീക്കിവയ്ക്കുന്നുണ്ടെങ്കിലും പൊതുമരാമത്ത് കെട്ടിടവിഭാഗം വേണ്ടത്ര ശുഷ്കാന്തി കാട്ടാത്തതിനാൽ കെട്ടിടനിർമ്മാണം അസാധ്യമാകുകയും ഫണ്ടുകൾ പാഴായിപ്പോകുകയും ചെയ്യുന്ന സ്ഥിതിവിശേഷം നിലനിൽക്കുന്നു. ആയതിനാൽ പട്ടികജാതി വികസന വകുപ്പിന്റെയും പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും കീഴിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എല്ലാ പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾക്കും സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തേണ്ട എല്ലാ ഹോസ്റ്റലുകളിലെയും അറ്റകുറ്റപ്പണികൾ ത്വരിതപ്പെടുത്തുന്നതിനും പൊതുമരാമത്ത് കെട്ടിടവിഭാഗം ഉത്തരവാദിത്വത്തോടെ പ്രവർത്തിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

53. ചട്ടങ്ങൾ പ്രകാരം പട്ടികജാതി വികസന വകുപ്പിന്റെ പ്രീ മെട്രിക് ഹോസ്റ്റലുകളിൽ പത്ത് ശതമാനം സീറ്റുകൾ മാത്രമാണ് പട്ടികവർഗ്ഗം ഉൾപ്പെടെയുള്ള മറ്റുവിഭാഗങ്ങൾക്കായി സംവരണം ചെയ്തിരിക്കുന്നത്. പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ പതിനേഴ് ശതമാനം സീറ്റുകളാണ് പട്ടികവർഗ്ഗക്കാർക്ക് നൽകുന്നത്. ആയതിനാൽ പട്ടികജാതി വികസന വകുപ്പിന്റെ പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ, പട്ടികവർഗ്ഗത്തിൽപ്പെട്ട കൂടുതൽ കുട്ടികൾക്ക് പ്രവേശനം ലഭിക്കാറില്ല. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ അനുവദനീയമായ എണ്ണത്തിന്റെ ഇരട്ടിയോ അതിലധികമോ കുട്ടികളെ പ്രവേശിപ്പിച്ചിട്ടും ഹോസ്റ്റൽ പ്രവേശനം ലഭിക്കാത്ത നിരവധി കുട്ടികൾ ഇനിയും ഉണ്ട്. ഇത്തരത്തിൽ ഹോസ്റ്റൽ പ്രവേശനം അസാധ്യമാക്കുന്നതും വിദ്യാഭ്യാസത്തിനുള്ള അവസരം നിഷേധിക്കപ്പെടുന്നതും പട്ടികവർഗ്ഗ വിദ്യാർത്ഥികളോടുള്ള നീതിനിഷേധമായി സമിതി വിലയിരുത്തുന്നു. ആയതിനാൽ ഹോസ്റ്റൽ പ്രവേശനത്തിനായി അപേക്ഷിക്കുന്ന എല്ലാ കുട്ടികൾക്കും പ്രവേശനം സാധ്യമാകുന്നതിലേക്കായി പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെ ഒഴിവുള്ള എല്ലാ സീറ്റിലേക്കും പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

54. പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ അനുവദനീയമായതിൽ കൂടുതൽ കുട്ടികളെ താമസിപ്പിക്കുന്നുണ്ടെങ്കിലും കുട്ടികളുടെ എണ്ണത്തിനനുസരിച്ചുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുകയോ അഡീഷണൽ മുറികൾ ആവശ്യമുള്ളിടങ്ങളിൽ അത് നിർമ്മിച്ചുനൽകുകയോ ചെയ്തിട്ടില്ലെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടു. ആയതിനാൽ അനുവദനീയമായ എണ്ണത്തേക്കാൾ കൂടുതൽ കുട്ടികളെ താമസിപ്പിക്കേണ്ടിവരുന്ന സന്ദർഭങ്ങളിൽ ആവശ്യമെങ്കിൽ അഡീഷണൽ ബ്ലോക്ക് നിർമ്മിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

55. പട്ടികജാതി വികസന വകുപ്പിന്റെയും പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും കീഴിലുള്ള എല്ലാ പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലും ആവശ്യാനുസരണം ലൈറ്റ്, ഫാൻ, ഫർണിച്ചറുകൾ, ബ്ലാക്ക്ബോർഡ് എന്നിവ അനുവദിക്കണമെന്നും ആധുനിക രീതിയിലുള്ള ടോയ്‌ലെറ്റുകളും ബാത്ത്റൂമുകളും നിർമ്മിച്ചു നൽകണമെന്നും ടൈൽ പാകിയിട്ടില്ലാത്ത ഹോസ്റ്റലുകളിൽ ടൈൽ പാകണമെന്നും ഇലക്ട്രിക് ലൈനുകൾ കാലാകാലങ്ങളിൽ റീവയറിംഗ് നടത്തണമെന്നും യഥാസമയം ഹോസ്റ്റലുകളുടെ മറ്റ് അറ്റകുറ്റപ്പണികൾ നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. എല്ലാ പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലും ടെലിവിഷൻ, ഫ്രിഡ്ജ്, വാട്ടർ പ്യൂരിഫയർ എന്നിവ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

56. പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെ ശുദ്ധജലക്ഷാമം ഒരു പ്രശ്നമായി സമിതി വിലയിരുത്തുന്നു. സ്വന്തമായി കിണറില്ലാത്ത ഹോസ്റ്റലുകൾ പൈപ്പുവെള്ളത്തെ കൂടുതലായി ആശ്രയിക്കുന്നതിനാൽ, കുടിവെള്ള ശൃംഖല തകരാറിലാകുന്ന അവസരങ്ങളിൽ ഹോസ്റ്റലുകളിൽ ജലദൗർലഭ്യം അനുഭവപ്പെടുന്നുണ്ടെന്ന് സമിതിക്ക് മനസ്സിലാക്കാൻ സാധിച്ചു. ആയതിനാൽ, സ്വന്തമായി കിണറില്ലാത്ത എല്ലാ പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലും കിണർ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും എല്ലാ ഹോസ്റ്റലുകളിലും മഴവെള്ളസംഭരണികൾ സ്ഥാപിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

57. പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾക്ക് ചുറ്റുമതിൽ ഇല്ലാത്തതിനാൽ, ഹോസ്റ്റലുകൾക്കുവേണ്ടി അനുവദിക്കപ്പെട്ട ഭൂമി മറ്റുള്ളവർ കയ്യേറുന്നതായി ഹോസ്റ്റൽ സന്ദർശനങ്ങളിൽനിന്നും സമിതിക്കു മനസ്സിലാക്കാൻ സാധിച്ചു. ആയതിനാൽ പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ ഭൂമി അളന്നുതിരിച്ച് ചുറ്റുമതിലില്ലാത്ത എല്ലാ ഹോസ്റ്റലുകൾക്കും ചുറ്റുമതിൽ നിർമ്മിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

58. പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെ അന്തേവാസികളുടെ ആരോഗ്യ സംരക്ഷണത്തിനും മാനസികമായ ഉല്ലാസത്തിനും സ്പോർട്സ് അത്യാവശ്യ മാണെന്നും എന്നാൽ ഭൂരിഭാഗം ഹോസ്റ്റലുകൾക്കും സ്വന്തമായി കളിസ്ഥലമില്ലെന്നും പ്രീ മെട്രിക് ഹോസ്റ്റലുകളിലെ അന്തേവാസികളുടെ ആവശ്യത്തിനായി സ്പോർട്സ് ഉപകരണങ്ങൾ വാങ്ങിനൽകുന്നതിന് അലവൻസ് അനുവദിച്ചിട്ടുണ്ടെങ്കിലും ആയത് കുട്ടികൾക്ക് പ്രയോജനകരമായ രീതിയിൽ പലയിടത്തും ചെലവഴിക്കുന്നില്ലെന്നും ഹോസ്റ്റൽ സന്ദർശനവേളയിൽ ബോധ്യപ്പെട്ടു. ആയതിനാൽ സ്വന്തമായി കളിസ്ഥലമില്ലാത്ത എല്ലാ പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾക്കും കളിസ്ഥലം നിർമ്മിച്ചുനൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും ഗുണനിലവാരമുള്ള സ്പോർട്സ് ഉപകരണങ്ങൾ വാങ്ങിനൽകണമെന്നും അതിന് പര്യാപ്തമായ രീതിയിൽ അലവൻസ് വർദ്ധിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

59. സംസ്ഥാനത്തെ പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ ഭൂരിഭാഗവും സ്ഥിതിചെയ്യുന്നത് യാത്രാ സൗകര്യങ്ങളുടെ അഭാവവും ജലലഭ്യതയില്ലാത്തതുമായ സ്ഥലങ്ങളിലായതിനാൽ കുട്ടികളും ജീവനക്കാരും ഏറെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന തായി ഹോസ്റ്റൽ സന്ദർശനങ്ങളിൽനിന്നും മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. ആയതിനാൽ ഭാവിയിൽ പുതിയ ഹോസ്റ്റലുകൾ നിർമ്മിക്കുന്നതിനായി സ്ഥലം തെരഞ്ഞെടുക്കുമ്പോൾ ജലലഭ്യതയും യാത്രാസൗകര്യങ്ങളുമുള്ള പ്രദേശങ്ങൾ തെരഞ്ഞെടുക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

60. പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ ഉപദേശകസമിതിയോഗം കൃത്യമായി ചേരണമെന്നുള്ള വ്യവസ്ഥയുണ്ടെങ്കിലും പല ഹോസ്റ്റലുകളിലും കൃത്യമായി പാലിക്കപ്പെടുന്നില്ലെന്ന് ഹോസ്റ്റൽ സന്ദർശനങ്ങളിൽനിന്നും സമിതിക്ക് മനസ്സിലാക്കാൻ സാധിച്ചു. ആയതിനാൽ എല്ലാ പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലും മൂന്നുമാസത്തിലൊരിക്കൽ എന്ന കണക്കിൽ വർഷത്തിൽ നാലു തവണയെങ്കിലും ഉപദേശകസമിതിയോഗം ചേർന്ന് ഹോസ്റ്റൽ പ്രവർത്തനങ്ങൾ വിലയിരുത്തണമെന്നും പ്രസ്തുത യോഗങ്ങളിൽ ബന്ധപ്പെട്ട വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥർ പങ്കെടുക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

61. ഹോസ്റ്റലുകളിലേക്ക് കൗൺസിലർമാരെ നിയമിക്കാറുണ്ടെങ്കിലും അവരുടെ സേവനം അധ്യയനവർഷത്തിന്റെ ആരംഭം മുതൽ ലഭിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. ആയതിനാൽ അധ്യയനവർഷത്തിന്റെ ആരംഭം മുതൽ ഹോസ്റ്റലുകളിൽ കൗൺസിലർമാരുടെ സേവനം ഏർപ്പെടുത്തണമെന്നും ആഴ്ചയിൽ ഒരു ദിവസമെങ്കിലും കൗൺസിലർമാരുടെ സേവനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

62. പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള പ്രീ മെട്രിക് ഹോസ്റ്റലുകളിൽ മെയിൽ വാർഡൻ, ഫീമെയിൽ വാർഡൻ തസ്തികകളിലേക്ക് പബ്ലിക് സർവ്വീസ് കമ്മീഷൻ കാലാകാലങ്ങളിൽ റാങ്ക്ലിസ്റ്റുകൾ പ്രസിദ്ധീകരിക്കാറുണ്ടെങ്കിലും, നിയമനശിപാർശ ചെയ്യപ്പെടുന്ന ഉദ്യോഗാർത്ഥികളിൽ ഭൂരിഭാഗവും ജോലിയിൽ പ്രവേശിക്കാത്തതിനാലും ജോലിയിൽ പ്രവേശിക്കുന്നവർതന്നെ ചെറിയ കാലയളവിനുശേഷം മറ്റു ജോലികൾ തേടിപോകുന്നതിനാലും സംസ്ഥാനത്തെ ഭൂരിഭാഗം പ്രീ മെട്രിക് ഹോസ്റ്റലുകളിലും സ്ഥിരം വാർഡൻമാരില്ലാത്ത സാഹചര്യമാണ് നിലവിലുള്ളത്. പ്രസ്തുത സാഹചര്യത്തിൽ ഹോസ്റ്റൽ നടത്തിപ്പിനായി ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം നടത്തുകയോ ഒരു ഹോസ്റ്റലിലെ വാർഡന് മറ്റു ഹോസ്റ്റലുകളുടെ അധികച്ചുമതല നൽകുകയോ ഓഫീസ് ജീവനക്കാർക്ക് ഹോസ്റ്റലുകളുടെ അധികച്ചുമതല നൽകുകയോ ചെയ്യുന്നതുമൂലം ഹോസ്റ്റലുകളുടെ അർത്ഥപൂർണ്ണമായ നിലനിൽപ്പ് അസാധ്യമായിത്തീരുമെന്നത് അത്യന്തം ഗൗരവമായി സമിതി വിലയിരുത്തുന്നു. ആയതിനാൽ, വാർഡൻ നിയമനത്തിനുള്ള പി.എസ്.സി. റാങ്ക്ലിസ്റ്റുകൾ നിലവിലില്ലാത്ത സാഹചര്യങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നുള്ള സീനിയോറിറ്റി ലിസ്റ്റിന്റെയടിസ്ഥാനത്തിൽ യോഗ്യരായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരെ ഹോസ്റ്റൽ വാർഡൻമാരായി നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. സാമൂഹ്യപ്രതിബദ്ധതയും അർപ്പണബോധവുമുള്ള പുത്തൻതലമുറയെ വാർത്തെടുക്കുന്നതിൽ ഗുണപരമായ നേതൃത്വം നൽകേണ്ട ഹോസ്റ്റൽ വാർഡൻമാർക്ക് ക്ലറിക്കൽ ജോലികൾക്കും രക്ഷാകർതൃപാടവത്തിനുമൊപ്പം അധ്യാപക നൈപുണ്യവും ഉണ്ടാകേണ്ടത് ആവശ്യമാണ്. ആയതിനാൽ ഹോസ്റ്റൽ വാർഡൻമാർക്കുള്ള അടിസ്ഥാന യോഗ്യതയായ എസ്.എസ്.എൽ.സി.ക്കുപകരം ബിരുദവും ബി.എഡും ആക്കി പരിഷ്ക്കരിക്കണമെന്നും തസ്തിക വാർഡൻ-കം-റസിഡൻഷ്യൽ ട്യൂട്ടർ എന്ന് പുനർനാമകരണം ചെയ്യണമെന്നും സമിതി ശിപാർശ ചെയ്യുന്നു. ഒന്നാം ക്ലാസ് മുതലുള്ള കുട്ടികളെ പരിചരിക്കേണ്ടതിനാൽ, നിയമനത്തിന്റെ തുടക്കത്തിൽതന്നെ കുട്ടികളോട് സ്വീകരിക്കേണ്ട സമീപനത്തെ സംബന്ധിച്ച് പരിശീലനം നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

63. സംസ്ഥാനത്ത് കുക്കിന്റെ ഒരു തസ്തിക മാത്രമുള്ള നിരവധി ഹോസ്റ്റലുകൾ ഉണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. പാചകക്കാർ അവധിയിൽ പ്രവേശിക്കുമ്പോൾ മെസ് നടത്തിപ്പ് അവതാളത്തിലാകുന്ന സ്ഥിതിവിശേഷമാണ് പലയിടത്തും അനുഭവപ്പെടുന്നത്. അനുവദനീയമായ എണ്ണത്തേക്കാൾ ഇരട്ടിയോ അതിലധികമോ കുട്ടികൾ താമസിക്കുന്ന ഹോസ്റ്റലുകളിൽ ആവശ്യാനുസരണം പാചകക്കാർ ഇല്ലാത്തതുമൂലമുണ്ടാകുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി താല്ക്കാലിക ക്രമീകരണങ്ങളാണ് പലപ്പോഴും ഏർപ്പെടുത്താറുള്ളത്. തന്മൂലം കുട്ടികൾക്ക് മെനു അനുസരിച്ചുള്ള സ്വാദിഷ്ഠമായ ഭക്ഷണം കൃത്യസമയത്ത് ലഭിക്കുന്നതിന് ഏറെ ബുദ്ധിമുട്ടുകൾ നേരിടുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ കുട്ടികളുടെ എണ്ണം കണക്കിലെടുക്കാതെ, എല്ലാ പ്രീ മെട്രിക് ഹോസ്റ്റലുകളിലും രണ്ട് സ്ഥിരം പാചകക്കാരെവീതം നിയമിക്കണമെന്നും കുട്ടികൾ കൂടുതലുള്ള ഹോസ്റ്റലുകളിൽ ആവശ്യാനുസരണം കൂടുതൽ പാചകക്കാരെ നിയമിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

64. സംസ്ഥാനത്ത് നൂറിലേറെ കുട്ടികൾ താമസിക്കുന്ന പ്രീ മെട്രിക് ഹോസ്റ്റലുകളിൽപ്പോലും ഒരു വാച്ചർ തസ്തിക മാത്രമാണുള്ളത്. വ്യത്യസ്തങ്ങളായ ജീവിത സാഹചര്യങ്ങളിൽനിന്നും സാമൂഹ്യവും വിദ്യാഭ്യാസപരവുമായ സുരക്ഷിതത്വംതേടി ഹോസ്റ്റലുകളിൽ എത്തുന്ന കുട്ടികളുടെ സംരക്ഷണം രാവെന്നോ പകലെന്നോ വ്യത്യാസമില്ലാതെ ഏറ്റെടുക്കേണ്ടത് പ്രധാനമായും ഹോസ്റ്റൽ വാച്ചർമാരാണ്. വിശ്രമമില്ലാതെ ഇരുപത്തിനാല് മണിക്കൂറും ജോലി ചെയ്യേണ്ടിവരുന്നത് അവരുടെ ജോലി കൃത്യമായി ചെയ്യുന്നതിന് തടസ്സമായിത്തീരുമെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ എല്ലാ പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലും 2 സ്ഥിരം വാച്ചർമാരെവീതം നിയമിക്കണമെന്നും ഷിഫ്റ്റ് അടിസ്ഥാനത്തിൽ അവരുടെ ഡ്യൂട്ടി ക്രമീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

65. പട്ടികജാതി പട്ടികവർഗ്ഗ വികസനവകുപ്പിന്റെ കീഴിലുള്ള ഹോസ്റ്റലുകളിൽ വാച്ചർമാരായി അധികവും നിയമിക്കപ്പെടുന്നത് പുരുഷജീവനക്കാരാണെന്ന് സമിതിയുടെ സന്ദർശനവേളയിൽ മനസ്സിലാക്കാൻ കഴിഞ്ഞു. പെൺകുട്ടികളുടെ ഹോസ്റ്റലുകളിലും വാച്ചർമാരായി പുരുഷജീവനക്കാരെ നിയോഗിച്ചിരിക്കുന്നതായും സമിതിക്ക് ബോദ്ധ്യപ്പെട്ടു. പെൺകുട്ടികളുടെ മിക്ക ഹോസ്റ്റലുകളിലും ഇത്തരം ജീവനക്കാർക്ക് പ്രത്യേകം കെട്ടിടം ഇല്ലെന്നത് വളരെ പരിതാപകരമാണ്. കുട്ടികളുടെ സുരക്ഷിതത്വത്തിനായി നിയോഗിക്കപ്പടുന്ന പുരുഷ ജീവനക്കാരായ വാച്ചർമാർക്കുവേണ്ടി ഹോസ്റ്റലിനോട് ചേർന്ന് പ്രത്യേകം മുറികൾ നിർമ്മിച്ചു നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു. പെൺകുട്ടികളുടെ ഹോസ്റ്റലുകളിൽ വനിതാ വാർഡൻമാരെ നിയമിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

66. പ്രീ മെട്രിക് ഹോസ്റ്റലുകളിലെ ശ്രദ്ധാപൂർവ്വമായ പരിചരണം ആവശ്യമായ അഞ്ചും ആറും വയസ്സ് പ്രായമുള്ള കുട്ടികളുടെ വസ്ത്രങ്ങൾ അലക്കിനൽകാനോ വൃത്തിയായി സ്കൂളിൽ വിടാനോ ഉള്ള സംവിധാനമില്ലാത്തതുമൂലം ചെറിയ കുട്ടികൾ തനിയെ ഇത്തരം ജോലികൾ ചെയ്യേണ്ടിവരികയും തന്മൂലം വൃത്തിഹീനമായ വസ്ത്രങ്ങളുമായി സ്കൂളിൽ എത്തേണ്ടിവരുന്ന സ്ഥിതിവിശേഷമാണ് ഇപ്പോൾ നിലവിലുള്ളത്. ആയതിനാൽ എൽ.പി. വിഭാഗം കുട്ടികൾ താമസിക്കുന്ന എല്ലാ പ്രീ മെട്രിക് ഹോസ്റ്റലുകളിലും അവരുടെ പരിചരണത്തിനായി ആവശ്യാനുസരണം ആയമാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

67. പ്രീ മെട്രിക് ഹോസ്റ്റലുകളിൽ പഠിക്കുന്ന കലാനൈപുണ്യവും സർഗ്ഗവാസനയും കായികതൽപ്പരതയുമുള്ള കുട്ടികളുടെ കഴിവുകളെ പരിപോഷിപ്പിക്കുന്നതിനുള്ള അവസരങ്ങൾ വേണ്ടത്ര ലഭിക്കാറില്ല എന്നത് അത്യന്തം ഗൗരവമായി സമിതി വിലയിരുത്തുന്നു. സ്കൂൾ തലത്തിലുള്ള യുവജനോത്സവങ്ങളിലും സ്പോർട്സ് മൽസരങ്ങളിലും പങ്കെടുത്ത് വിജയിക്കുന്ന കുട്ടികളെ, തുടർന്നുള്ള സബ്ജില്ല-റവന്യൂ ജില്ല-സംസ്ഥാനതല മൽസരങ്ങളിൽ പങ്കെടുപ്പിക്കാൻ ആരും തയ്യാറാകാത്തതിനാൽ കുട്ടികൾക്കുള്ള അവസരങ്ങൾ നഷ്ടപ്പെടുന്ന സാഹചര്യമാണ് നിലവിലുള്ളത്. ആയതിനാൽ സർഗ്ഗവാസനയും കലാനൈപുണ്യവും കായികതൽപ്പരതയുമുള്ള കുട്ടികളെ തെരഞ്ഞെടുത്ത് അവർക്കാവശ്യമായ പരിശീലനം നൽകണമെന്നും മൽസരവേദികളിൽ സർക്കാർ ചെലവിൽതന്നെ പങ്കെടുപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

68. പട്ടികജാതി വികസന വകുപ്പിനുകീഴിലുള്ള പ്രീ മെട്രിക് ഹോസ്റ്റലുകളിൽ ഹൈസ്കൂൾ വിഭാഗം വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷ്, ഹിന്ദി, സയൻസ്, കണക്ക് എന്നീ വിഷയങ്ങൾക്ക് മാത്രമാണ് ട്യൂഷൻ സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളത്. പ്രയാസമേറിയ വിഷയമായ സോഷ്യൽ സയൻസിന് ട്യൂഷൻ സൗകര്യമില്ലാത്തതുമൂലം പ്രസ്തുത വിഷയം പഠിക്കാൻ ഏറെ ബുദ്ധിമുട്ടുനേരിടുന്നതായി സമിതി സന്ദർശനം നടത്തിയ മിക്ക ഹോസ്റ്റലുകളിൽനിന്നും പരാതികൾ ഉയരുകയുണ്ടായി. ആധുനിക രീതിയിലുള്ള പാഠ്യപദ്ധതി നിലവിൽ വന്നശേഷം എല്ലാ വിഷയങ്ങളും ഒരേ പ്രാധാന്യത്തോടെ പഠിച്ചെങ്കിൽ മാത്രമേ പരീക്ഷകളിൽ മെച്ചപ്പെട്ട പ്രകടനം കാഴ്ചവയ്ക്കാൻ കുട്ടികൾക്ക് കഴിയുകയുള്ളൂവെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പട്ടികജാതി വികസന വകുപ്പിനുകീഴിലുള്ള എല്ലാ പ്രീ മെട്രിക് ഹോസ്റ്റലുകളിലും ഇംഗ്ലീഷ്, ഹിന്ദി, സയൻസ്, കണക്ക് വിഷയങ്ങൾക്ക് പുറമെ, സോഷ്യൽ സയൻസ്, മലയാളം എന്നീ വിഷയങ്ങൾക്കുകൂടി ട്യൂഷൻ സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ പതിനൊന്ന്, പന്ത്രണ്ട് ക്ലാസ്സുകളിൽ പഠിക്കുന്ന അന്തേവാസികൾക്ക് ട്യൂഷൻ സൗകര്യം ഏർപ്പെടുത്തണമെന്നും എൻട്രൻസ് പരീക്ഷാ പരിശീലനം നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

69. സ്കൂൾ പാഠ്യപദ്ധതിയുടെ ഭാഗമായി വിവരസാങ്കേതികവിദ്യ ഉൾപ്പെടുത്തിയതിനെത്തുടർന്ന് പ്രീ മെട്രിക് ഹോസ്റ്റലുകളിലെ വിദ്യാർത്ഥികൾക്ക് പരിശീലനത്തിനായി കമ്പ്യൂട്ടറുകൾ അനുവദിച്ചെങ്കിലും കമ്പ്യൂട്ടർ ഇൻസ്ട്രക്ടറുടെ സേവനം ഏർപ്പെടുത്തിയിട്ടില്ലാത്തതിനാൽ, പല പ്രീ മെട്രിക് ഹോസ്റ്റലുകളിലും കമ്പ്യൂട്ടറുകൾ കാഴ്ചവസ്തുക്കളായിരിക്കുകയോ കുട്ടികൾ തനിയെ പരിശീലിക്കുകയോ ചെയ്യുന്നതുമൂലം തകരാറുകൾ സംഭവിച്ചതായി പ്രീ മെട്രിക് ഹോസ്റ്റലുകളിലെ സന്ദർശനവേളയിൽ സമിതിക്ക് മനസ്സിലായി. ആയതിനാൽ കുട്ടികൾക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിനായി ഓണറേറിയം നൽകി, കമ്പ്യൂട്ടർ ഇൻസ്ട്രക്ടർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ബി.ടെക്. വിദ്യാർത്ഥികൾ താമസിക്കുന്ന എല്ലാ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലും ഇന്റർനെറ്റ് സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

70. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള പ്രീ മെട്രിക് ഹോസ്റ്റലുകളിലെ ട്യൂട്ടർമാരുടെ പ്രതിമാസ ഓണറേറിയം എൽ.പി./യു.പി. വിഭാഗങ്ങൾക്ക് 1,500 രൂപയും ഹൈസ്കൂൾ വിഭാഗത്തിന് 2,000 രൂപയുമായാണ് നിശ്ചയിച്ചിട്ടുള്ളത്. 2010-ൽ പരിഷ്ക്കരിച്ച പ്രസ്തുത നിരക്കുകൾ കാലാനുസൃതമായി പരിഷ്ക്കരിക്കാത്തതുമൂലം ആവശ്യാനുസരണം ട്യൂട്ടർമാരെ ലഭിക്കാറില്ല. പതിനഞ്ച് കുട്ടികൾ മാത്രമുള്ള ഹോസ്റ്റലുകളിലും നൂറിലേറെ കുട്ടികളുള്ള ഹോസ്റ്റലുകളിലും ഒരേ തുക ട്യൂട്ടർമാർക്ക് പ്രതിഫലമായി നൽകുന്നതുമൂലം കുട്ടികൾ കൂടുതലുള്ള ഹോസ്റ്റലുകളിൽ ട്യൂഷൻ എന്നത് വെറും ചടങ്ങായി മാറുന്നതായി സമിതിക്ക് ബോധ്യപ്പെട്ടു. ആയതിനാൽ ട്യൂട്ടർമാരുടെ പ്രതിമാസ ഓണറേറിയം കാലോചിതമായി

പരിഷ്ക്കരിച്ച്, കുട്ടികൾക്ക് നല്ല നിലവാരമുള്ള ട്യൂഷൻ ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കണമെന്നും കുട്ടികൾ കൂടുതലുള്ള ഹോസ്റ്റലുകളിൽ ആവശ്യാനുസരണം ട്യൂട്ടർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

71. പ്രീ മെട്രിക് ഹോസ്റ്റലുകളിലെ കുട്ടികളുടെ രക്ഷിതാക്കൾക്ക് നിശ്ചിതസമയങ്ങളിൽ സ്കൂളിലെത്തി കുട്ടികളുടെ പഠനനിലവാരം വിലയിരുത്തുവാനോ അധ്യാപക-രക്ഷാകർത്തൃ സമിതിയോഗങ്ങളിൽ പങ്കെടുത്ത് നിർദ്ദേശങ്ങൾ സമർപ്പിക്കാനോ പലപ്പോഴും സാധിക്കാത്തതിനാൽ, ഇത്തരം ചുമതലകൾ നിർവ്വഹിക്കേണ്ടത് ഹോസ്റ്റൽ വാർഡൻമാർ തന്നെയാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പ്രീ മെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെ വാർഡൻമാർ സ്കൂളിലെ കുട്ടികളുടെ പഠനകാര്യങ്ങൾ അധ്യാപകരുമായി ചർച്ച നടത്തുന്നതും അന്തേവാസികളുടെ പഠനനിലവാരം വിലയിരുത്തുന്നതിനുവേണ്ടി പ്രോഗ്രസ് റിപ്പോർട്ടുകൾ തയ്യാറാക്കി സൂക്ഷിക്കുന്നതും ഉചിതമായിരിക്കുമെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ പ്രീ മെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെ അന്തേവാസികൾ പഠനം നടത്തുന്ന സ്കൂളിലെ മേധാവികൾ മാസത്തിലൊരിക്കൽ ഹോസ്റ്റലുകൾ സന്ദർശിച്ച് കുട്ടികളുടെ പഠനനിലവാരം ഹോസ്റ്റൽ ജീവനക്കാരുമായി അവലോകനം നടത്തുന്ന തരത്തിലോ ഹോസ്റ്റൽ വാർഡൻമാർ സ്കൂൾ സന്ദർശിച്ച് അദ്ധ്യാപകരുമായി ചർച്ച നടത്തുന്ന തരത്തിലോ ഉള്ള യുക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

72. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള ഹോസ്റ്റലുകളിൽ ഭൂരിഭാഗവും സ്ഥിതിചെയ്യുന്നത് യാത്രാസൗകര്യങ്ങൾ കുറവുള്ള പ്രദേശങ്ങളിലാണ്. ഹോസ്റ്റലുകളിൽനിന്നും സ്കൂളിലെത്തണമെങ്കിൽ കുട്ടികൾക്ക് കിലോമീറ്ററുകളോളം നടന്നുപോകേണ്ട അവസ്ഥയാണ്. ക്ലേശകരമായ യാത്രയ്ക്കുശേഷം സ്കൂളിലെത്തുന്ന കുട്ടികൾക്ക് പഠനത്തിൽ ശ്രദ്ധ ചെലുത്താൻ സാധിക്കാതെ വരികയും പഠന നിലവാരത്തിൽ പിന്നോക്കം പോകുകയും ചെയ്യുമെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പൊതുഗതാഗത സംവിധാനങ്ങളോ സ്കൂളിൽനിന്നുള്ള വാഹനസൗകര്യമോ ലഭ്യമാകാത്ത പ്രീ മെട്രിക് ഹോസ്റ്റലുകളിൽനിന്നും കുട്ടികളെ സ്കൂളിൽ എത്തിക്കുന്നതിനും തിരികെ കൊണ്ടുവരുന്നതിനുംവേണ്ടി വാഹന സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ കൈക്കൊള്ളണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

73. പ്രീ മെട്രിക് ഹോസ്റ്റലുകളിൽനിന്നും അവധിക്കാലത്ത് വീടുകളിൽ പോകുന്ന കുട്ടികൾക്ക് വീടുകളിൽപോയി തിരികെവരാനുള്ള യാത്രപ്പടികൂടി നൽകുന്നുണ്ടെങ്കിലും കുട്ടികളിൽ പലരും സ്കൂൾ തുറക്കുന്ന ദിവസംതന്നെ എത്തിച്ചേരാറില്ലെന്നതിനാൽ കുട്ടികൾക്ക് അദ്ധ്യായന ദിവസങ്ങൾ വളരെയേറെ നഷ്ടപ്പെടുകയും പഠനനിലവാരം പരിതാപകരമാകുകയും ചെയ്യുന്നുണ്ടെന്ന് ഹോസ്റ്റൽ സന്ദർശനവേളയിൽ സമിതിക്ക് ബോദ്ധ്യപ്പെട്ടു. ആയതിനാൽ

പ്രീ മെട്രിക് ഹോസ്റ്റലുകളിൽനിന്നും അവധിക്കാലത്ത് വീടുകളിൽ പോകുന്ന എല്ലാ കുട്ടികളെയും, അതത് പ്രദേശങ്ങളിലെ എസ്.സി. എസ്.ടി. പ്രൊമോട്ടർമാരുടെ സഹായത്തോടെ, സ്കൂൾ തുറക്കുന്ന ദിവസംതന്നെ തിരികെ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

74. സ്കൂളുകളിൽനിന്നും സംഘടിപ്പിക്കുന്ന വിനോദയാത്രകൾ ഹോസ്റ്റൽ വിദ്യാർത്ഥികൾക്ക് അപ്രാപ്യമാണെന്നും ഹോസ്റ്റലിൽനിന്നും വിനോദയാത്ര സംഘടിപ്പിക്കണമെന്നും കുട്ടികൾ ആവശ്യപ്പെടുകയുണ്ടായി. വിനോദയാത്രകൾ കുട്ടികളുടെ മാനസികമായ ഉല്ലാസത്തിനും അതുവഴി അവരുടെ പഠനനിലവാരം ഉയർത്താനും ഉപകരിക്കുമെന്നു സമിതി വിലയിരുത്തുന്നു. ആയതിനാൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിലുള്ള എല്ലാ പ്രീ മെട്രിക് ഹോസ്റ്റലുകളിൽ നിന്നും വർഷത്തിലൊരിക്കൽ വിനോദയാത്ര സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

75. പ്രീ മെട്രിക് ഹോസ്റ്റലുകളിലെ കുട്ടികൾക്ക് സ്കൂൾ യൂണിഫോം, നൈറ്റ് ഡ്രസ്, ബെഡ്ഷീറ്റ്, ചെരുപ്പ് എന്നിവ വിതരണം ചെയ്യുന്നുണ്ടെങ്കിലും അധ്യയന വർഷത്തിന്റെ ആരംഭത്തിൽതന്നെ ഇവ ലഭിക്കാത്തത് കുട്ടികൾക്ക് ഏറെ ബുദ്ധിമുട്ട് സൃഷ്ടിക്കുന്നതായി സമിതിക്ക് മനസ്സിലാക്കാൻ സാധിച്ചു. സ്കൂൾ തുറന്നു മാസങ്ങൾ പിന്നിട്ടാലും സ്കൂൾ യൂണിഫോമിന്റെ വിതരണംപോലും നടക്കാത്ത ഹോസ്റ്റലുകളുള്ളതിൽ സമിതി ഉത്കണ്ഠ രേഖപ്പെടുത്തി. സ്കൂൾ യൂണിഫോമും നൈറ്റ് ഡ്രസും തുന്നി നൽകുന്നതിനു കരാർ ഏറ്റെടുക്കുന്ന പലരും കുട്ടികൾക്ക് യോജിക്കുന്ന വിധത്തിൽ വസ്ത്രങ്ങൾ തുന്നിനല്കാറില്ലെന്നത് അത്യന്തം ഗൗരവമായി സമിതി വിലയിരുത്തുന്നു. ആയതിനാൽ കുട്ടികൾക്കുണ്ടാകുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിനായി, സ്കൂൾ യൂണിഫോം, നൈറ്റ് ഡ്രസ്, ബെഡ്ഷീറ്റ്, ചെരുപ്പ് എന്നിവ അധ്യയന വർഷത്തിന്റെ ആദ്യദിവസങ്ങളിൽതന്നെ കുട്ടികൾക്കു ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ സ്കൂൾ യൂണിഫോം, നൈറ്റ് ഡ്രസ് എന്നിവ തുന്നിനൽകുന്നതിനു കരാർ നൽകുമ്പോൾ കുട്ടികൾക്കനു യോജ്യമായ രീതിയിൽത്തന്നെ വസ്ത്രങ്ങൾ തുന്നി നൽകുന്നുണ്ടെന്ന് ഉറപ്പുവരുത്തണ മെന്നും സമിതി ശിപാർശ ചെയ്യുന്നു.

76. പ്രീ മെട്രിക് ഹോസ്റ്റലുകളിലെ അന്തേവാസികൾക്കുള്ള മെസ് ചാർജ് ഒഴികെയുള്ള അലവൻസുകൾ മുപ്പതു ശതമാനം വർദ്ധിപ്പിക്കാൻ 3-8-2013-ൽ സർക്കാർ ഉത്തരവായിട്ടുണ്ട്. എന്നാൽ പ്രസ്തുത വർദ്ധനവ് സ്റ്റേഷനറി അലവൻസിന്റെ കാര്യത്തിൽ തീരെ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. മുപ്പതു ശതമാനം വർദ്ധനവുണ്ടാകുമ്പോൾ ഹൈസ്കൂൾ വിഭാഗം വിദ്യാർത്ഥി കൾക്കുള്ള സ്റ്റേഷനറി അലവൻസ് 390 രൂപയായും യു.പി./എൽ.പി. വിഭാഗം വിദ്യാർത്ഥികൾക്കുള്ള സ്റ്റേഷനറി അലവൻസ് 260 രൂപയായുമേ വർദ്ധിക്കുന്നുള്ളൂ. ഒരു അധ്യയന വർഷത്തേക്കുവേണ്ട നോട്ട് ബുക്കുകൾ, പരീക്ഷാ പേപ്പർ, അസൈൻമെന്റ് പേപ്പർ, ഇൻസ്ട്രുമെന്റ് ബോക്സ്, ചാർട്ട് പേപ്പർ, പേന മുതലായവ ഉൾപ്പെടെയുള്ള സ്റ്റേഷനറി വാങ്ങുന്നതിന് പ്രസ്തുത തുക തീരെ പരിമിതമാണ്.

ആയതിനാൽ പ്രീ മെട്രിക് ഹോസ്റ്റലുകളിലെ അന്തേവാസികൾക്കുള്ള സ്റ്റേഷനറി അലവൻസ്—ഹൈസ്കൂൾ വിഭാഗം വിദ്യാർത്ഥികൾക്ക് 600 രൂപയായും യു. പി. വിഭാഗം വിദ്യാർത്ഥികൾക്ക് 400 രൂപയായും എൽ.പി. വിഭാഗം വിദ്യാർത്ഥികൾക്ക് 300 രൂപയായും വർദ്ധിപ്പിക്കണമെന്നും തുടർവർഷങ്ങളിൽ കാലോചിതമായി പരിഷ്ക്കരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

77. വയനാട്, പാലക്കാട്, ഇടുക്കി ജില്ലകളിൽ സ്ഥിതി ചെയ്യുന്ന പ്രീ മെട്രിക് ഹോസ്റ്റലുകളിലെ അന്തേവാസികൾക്ക് മൂന്നു വർഷത്തിലൊരിക്കൽ കമ്പിളി വാങ്ങുന്നതിനുള്ള അലവൻസ് നൽകുന്നുണ്ട്. എന്നാൽ മറ്റു ജില്ലകളിലെ മലയോര മേഖലകളിൽ സ്ഥിതി ചെയ്യുന്ന ഹോസ്റ്റലുകളിലെ അന്തേവാസികൾക്കും കമ്പിളി വാങ്ങിനൽകേണ്ടത് അനിവാര്യമാണ്. ആയതിനാൽ സംസ്ഥാനത്ത് മലയോര മേഖലകളിൽ സ്ഥിതിചെയ്യുന്ന എല്ലാ പ്രീ മെട്രിക് ഹോസ്റ്റലുകളിലെയും അന്തേവാസികൾക്ക് കമ്പിളി വാങ്ങുന്നതിനുള്ള അലവൻസ് അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

78. രോഗപ്രതിരോധശേഷി താരതമ്യേന കുറഞ്ഞ ചെറിയ കുട്ടികൾ താമസിക്കുന്ന പ്രീ മെട്രിക് ഹോസ്റ്റലുകളിൽ പകർച്ചവ്യാധികൾ പിടിപെടാനുള്ള സാധ്യത കൂടുതലാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഹോസ്റ്റലുകളിൽ ശുചീകരണം ഉൾപ്പെടെയുള്ള രോഗപ്രതിരോധപ്രവർത്തനങ്ങൾ വിട്ടുവീഴ്ചയില്ലാതെ ചെയ്യണമെന്നും പ്രാഥമികാരോഗ്യകേന്ദ്രത്തിലെ ഡോക്ടർമാർ ആഴ്ചയിലൊരിക്കൽ ഹോസ്റ്റലുകളിലെത്തി കുട്ടികളുടെ ആരോഗ്യനില പരിശോധിക്കണമെന്നും മെഗാ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. പ്രീ മെട്രിക് ഹോസ്റ്റലുകളിലെ അന്തേവാസികൾക്ക് പ്രത്യേക ചികിൽസയും കിടത്തിചികിൽസയും ആവശ്യമായിവരുന്ന സന്ദർഭങ്ങളിൽ, അതിനുവേണ്ട എല്ലാ ചെലവും ബന്ധപ്പെട്ട വകുപ്പുകൾ വഹിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

79. സംസ്ഥാനത്തെ പ്രീ മെട്രിക് ഹോസ്റ്റലുകളിൽ ലാൻഡ് ഫോൺ സൗകര്യം ഇനിയും ഏർപ്പെടുത്തിയിട്ടില്ല. പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ ലാൻഡ് ഫോൺ സൗകര്യമുണ്ടെങ്കിലും പലയിടത്തും പ്രവർത്തനരഹിതമായ അവസ്ഥയിലുമാണ്. തന്മൂലം ഹോസ്റ്റലുകളുമായി ആശയവിനിമയത്തിനായി കുട്ടികളുടെ രക്ഷിതാക്കളും സ്കൂൾ അധികൃതരും വകുപ്പ് അധികാരികളും മറ്റും ആശ്രയിക്കുന്നത് ജീവനക്കാരുടെ മൊബൈൽ ഫോണുകളെയാണ്. ഇത് പ്രായോഗികമായി ഏറെ വിഷമതകൾ സൃഷ്ടിക്കുന്നതായി സമിതി വിലയിരുത്തുന്നു. ആയതിനാൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള എല്ലാ പ്രീ മെട്രിക് ഹോസ്റ്റലുകളിലും ലാൻഡ് ഫോൺ സൗകര്യം ഏർപ്പെടുത്തണമെന്നും പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ നിർജ്ജീവാവസ്ഥയിലുള്ള ലാൻഡ് ഫോണുകൾ പ്രവർത്തനസജ്ജമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

80. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള പ്രീ മെട്രിക് ഹോസ്റ്റലുകളിലെ അന്തേവാസികൾക്ക് സോപ്പ്, എണ്ണ മുതലായവ വാങ്ങുന്നതിനായി പ്രത്യേക അലവൻസ് അനുവദിക്കുന്നുണ്ട്. എന്നാൽ പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ഹോസ്റ്റലുകളിൽ പ്രതിമാസ അലവൻസ് ഇനത്തിലുള്ള തുകയിൽ നിന്നാണ് കുട്ടികൾ സോപ്പ്, എണ്ണ തുടങ്ങിയവ വാങ്ങുന്നത്. പ്രസ്തുത പ്രതിമാസ അലവൻസ് എല്ലാ മാസവും കൃത്യമായി ലഭിക്കാത്തത് കുട്ടികൾക്ക് ഏറെ ബുദ്ധിമുട്ട് സൃഷ്ടിക്കുന്നതായി സമിതിക്ക് ബോദ്ധ്യപ്പെട്ടു. ആയതിനാൽ പ്രതിമാസ അലവൻസ് ഇനത്തിൽ (പോക്കറ്റ് മണി) അന്തേവാസികൾക്ക് അനുവദിക്കുന്ന തുക എല്ലാ മാസവും കൃത്യമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

81. സംസ്ഥാനത്തെ പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ ലൈബ്രറി സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും പല ഹോസ്റ്റലുകളിലും പുസ്തകങ്ങൾ അലമാരയുടെ അകത്തളങ്ങളിൽ സൂക്ഷിച്ചിട്ടുള്ളതല്ലാതെ അന്തേവാസികളുടെ വൈജ്ഞാനിക മണ്ഡലം പരിപോഷിപ്പിക്കുന്നതിന് പര്യാപ്തമായ വിധത്തിൽ ഉപയോഗിക്കുന്നില്ലെന്ന് സമിതിക്ക് ബോധ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ പ്രീ മെട്രിക് ഹോസ്റ്റലുകളിൽ ഏർപ്പെടുത്തിയിട്ടുള്ള ലൈബ്രറി സൗകര്യം കുട്ടികൾക്ക് പ്രയോജനപ്രദമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. പ്രീ മെട്രിക് ഹോസ്റ്റലുകളിൽ ഇംഗ്ലീഷ് ദിനപ്പത്രംകൂടി ലഭ്യമാക്കിയാൽ, കുട്ടികളുടെ ഇംഗ്ലീഷ് ഭാഷാപരിജ്ഞാനം വർദ്ധിപ്പിക്കുന്നതിന് പ്രയോജനപ്പെടുമെന്നതിനാൽ, എല്ലാ പ്രീ മെട്രിക് ഹോസ്റ്റലുകളിലും മലയാളം ദിനപ്പത്രത്തിനു പുറമെ, ഒരു ഇംഗ്ലീഷ് ദിനപ്പത്രംകൂടി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

82. പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെ അന്തേവാസികൾക്ക്, ഒഴിവുവേളകളിൽ ഏതെങ്കിലും കൈത്തൊഴിൽ പരിശീലിക്കുന്നതിനുള്ള സൗകര്യം എല്ലാ ഹോസ്റ്റലുകളിലും ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. പെൺകുട്ടികളുടെ ഹോസ്റ്റലുകളിൽ തയ്യൽ മെഷീനുകൾ വാങ്ങിനൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

83. പെൺകുട്ടികളുടെ എല്ലാ പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലും നാപ്കിൻ വെൻഡിംഗ് മെഷീൻ വാങ്ങിനൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

84. പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ കാലപ്പഴക്കം ചെന്നതും ഉപയോഗശൂന്യമായതുമായ ഫർണിച്ചറുകളും മറ്റു വസ്തുക്കളും കൂട്ടിയിട്ടിരിക്കുന്നതായും തകരാറിലായ ഉപകരണങ്ങൾ യഥാസമയം അറ്റകുറ്റപ്പണികൾ നടത്താറില്ലെന്നും ഹോസ്റ്റൽ സന്ദർശനവേളയിൽ സമിതിക്ക് ബോദ്ധ്യപ്പെടുകയുണ്ടായി. ആയതിനാൽ പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെ തകരാറിലാകുന്ന ഉപകരണങ്ങളും ഫർണിച്ചറുകളും യഥാസമയം അറ്റകുറ്റപ്പണികൾ നടത്തണമെന്നും ഉപയോഗശൂന്യമായ വസ്തുക്കൾ ലേലം ചെയ്തു വിൽക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

85. വർഷങ്ങളായി അനുഭവിച്ചുവരുന്നതും സാമ്പ്രദായകക്രമത്തിന്റെ ഭാഗമായിരിക്കുന്നതുമായ ദുഷ്പ്രവണതകളിൽപ്പെട്ട് സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും മാറ്റിനിർത്തപ്പെട്ടിരുന്ന ചില പ്രത്യേക വിഭാഗങ്ങളിൽപ്പെട്ടവരുടെ പുതുതലമുറയെ അടിസ്ഥാന വിദ്യാഭ്യാസത്തിലൂടെയും തുടർവിദ്യാഭ്യാസത്തിലൂടെയും ഉയർത്തിക്കൊണ്ടുവരുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ കാലാകാലങ്ങളിൽ വിവിധ പദ്ധതികളിലൂടെ പരിശ്രമിച്ചുകൊണ്ടിരുന്നു. അടിസ്ഥാന വിദ്യാഭ്യാസം ഉറപ്പാക്കിയാൽ മാത്രമേ ഇത്തരക്കാരെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരാൻ കഴിയൂ എന്ന കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ രൂപം കൊടുത്ത പദ്ധതികളിൽ ഏവരുടെയും ശ്രദ്ധ പിടിച്ചുപറ്റിയ ഒന്നാണ് പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ രൂപീകരണവും നടത്തിപ്പും. ഈ സംരംഭത്തിന്റെ ഉദ്ദേശ്യശുദ്ധി ഉൾക്കൊണ്ടുകൊണ്ട് സർക്കാർ വർഷാവർഷം നല്ലൊരു തുക ബഡ്ജറ്റ് വിഹിതമായി വകയിരുത്തുന്നു ണ്ടെങ്കിലും മിക്ക സ്ഥലങ്ങളിലും പ്രവർത്തിച്ചുവരുന്ന ഹോസ്റ്റലുകളിൽ പ്രായോഗികമായി അനുഭവപ്പെട്ടുവരുന്ന ഒട്ടേറെ വൈരുദ്ധ്യങ്ങൾ സമിതിക്ക് നേരിട്ട് ബോദ്ധ്യപ്പെടുക യുണ്ടായി. അത്തരത്തിലുള്ള നിരവധി വൈതരണികൾക്കിടയിലും മഹത്തായ ഒരു ലക്ഷ്യസാക്ഷാത്കരണത്തിനായി നല്ലൊരു ശതമാനം പൊതുപ്രവർത്തകരും സന്നദ്ധ സംഘടനകളും സർക്കാർ ജീവനക്കാരും ഇതിനുപിന്നിൽ പ്രവർത്തിച്ചുവരുന്നു എന്നത് ഏറെ സന്തോഷകരമാണെന്ന് സമിതി വിലയിരുത്തുന്നു. കേവലം ഒരു സർക്കാർ സ്ഥാപനം എന്ന കാഴ്ചപ്പാടിൽനിന്നും വിഭിന്നമായി ഇത്തരം സ്ഥാപന ങ്ങളുടെ സാമൂഹ്യമായ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് അവയുടെ മെച്ചപ്പെട്ട രീതിയിലുള്ള പ്രവർത്തനത്തിനായും അന്തേവാസികളുടെ ക്ഷേമത്തിനായും അർപ്പണ ബോധത്തോടും ആത്മാർത്ഥതയോടുംകൂടി പ്രവർത്തിച്ചുവരുന്ന ജീവനക്കാരേയും പൊതുപ്രവർത്തകരേയും സഹർഷം അനുമോദിക്കുന്നതിനോടൊപ്പം നിലവിലെ പ്രവർത്തനങ്ങളിൽ ചില സ്ഥാപനങ്ങൾ നേരിടുന്ന വൈഷമ്യങ്ങൾക്ക് യഥാവിധി പരിഹാരം കണ്ടെത്തി അവയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്താൻ ആവശ്യമായ പരിശ്രമം ബന്ധപ്പെട്ടവരുടെ ഭാഗത്തുനിന്നും ഉണ്ടാകുമെന്ന് സമിതി പ്രതീക്ഷി ക്കുകയും അത്തരത്തിലുള്ള ഗുണകരമായ മാറ്റങ്ങൾക്ക് സഹായകരമാകുമെന്ന് സമിതി കരുതുന്ന ഏതാനും ചില നിർദ്ദേശങ്ങളാണ് സമിതി ഈ റിപ്പോർട്ടിലൂടെ മുന്നോട്ടുവച്ചിരിക്കുന്നത്. പ്രസ്തുത നിർദ്ദേശങ്ങൾക്ക് അർഹമായ പരിഗണന സർക്കാർ നൽകുമെന്ന് സമിതി പ്രത്യാശിക്കുന്നു. അതോടൊപ്പം സമിതിയുടെ ഈ സംരംഭത്തിനായി തെളിവെടുപ്പുവേളയിലും സന്ദർശനവേളയിലും ആവശ്യമായ സൗകര്യങ്ങൾ ഒരുക്കിയും വിവരങ്ങൾ ലഭ്യമാക്കിയും സഹകരിച്ച ഉദ്യോഗസ്ഥാ നുദ്യോഗസ്ഥർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികൾ, പൊതുപ്രവർത്തകർ, മറ്റ് സാമൂഹ്യ സാംസ്ക്കാരിക സംഘടനാ ഭാരവാഹികൾ, പ്രവർത്തകർ എന്നിവരോടുള്ള സമിതിയുടെ ആത്മാർത്ഥമായ നന്ദിയും കടപ്പാടും ഇതോടൊപ്പം അറിയിക്കുകയും ചെയ്യുന്നു.

തിരുവനന്തപുരം,
2014 ജനുവരി 13.

**വി. പി. സജീന്ദ്രൻ,**
*ചെയർമാൻ,*
*പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമസമിതി.*

അനുബന്ധം I

## സമിതിയുടെ നിർദ്ദേശങ്ങളും ശിപാർശകളും

| *ക്രമ നമ്പർ* | *സമിതിയുടെ നിർദ്ദേശങ്ങൾ/ ശിപാർശകൾ* | *ഖണ്ഡിക നമ്പർ* | *വകുപ്പ്* |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | ഹോസ്റ്റൽ പരിസരത്ത് നിക്ഷേപിച്ചിരിക്കുന്ന പാഴ്വസ്തുക്കൾ അടിയന്തരമായി നീക്കം ചെയ്യണമെന്നും ബാത്ത്റൂമിന്റെയും ടോയ്ലെറ്റി ന്റെയും അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും എയർ ഹോളുകൾ ക്ലീൻ ചെയ്ത് നെറ്റ് സ്ഥാപിക്കുന്നതിനും കുട്ടികൾക്ക് കൊതുകുവല നൽകുന്നതിനുമുള്ള നടപടി സ്വീകരിക്കണ മെന്നും സമിതി നിർദ്ദേശിക്കുന്നു. | 3 | പട്ടികജാതി പട്ടികവർഗ്ഗ വികസനം (പ്രീ മെട്രിക് ഹോസ്റ്റൽ, വൈത്തിരി) |
| 2 | പഞ്ചായത്ത് അനുവദിച്ച സ്ഥലത്ത് എത്രയുംവേഗം എല്ലാ അടിസ്ഥാന സൗകര്യങ്ങളോടുംകൂടി പുതിയ കെട്ടിടം പണിയുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 6 | പട്ടികജാതി പട്ടികവർഗ്ഗ വികസനം (പ്രീ മെട്രിക് ഹോസ്റ്റൽ, കൊല്ലങ്കോട്) |
| 3 | കുട്ടികളുടെ സുരക്ഷയ്ക്കായി അടിയന്തരമായി ഹോസ്റ്റലിന്റെ കിഴക്കുവശത്തെ മതിൽ നിർമ്മിക്കുന്നതിനും, ടോയ്ലെറ്റുകൾ ടൈൽസ് പാകുന്നതിനും കുട്ടികൾക്ക് ഭക്ഷണം പാകം ചെയ്യുന്ന പാചകപ്പുരയിൽ അടിയന്തരമായി അറ്റകുറ്റപ്പണികൾ നടത്തുന്നതിനും വകുപ്പിന്റെ അടിയന്തര ശ്രദ്ധയുണ്ടാകണമെന്ന് സമിതി നിർദ്ദേശി ക്കുന്നു | 8 | പട്ടികജാതി പട്ടികവർഗ്ഗ വികസനം (പ്രീ മെട്രിക് ഹോസ്റ്റൽ, അഗളി) |
| 4 | അടൂരിലെ പെൺകുട്ടികളുടെ പ്രീ മെട്രിക് ഹോസ്റ്റലിന്റെ മുൻവശത്തായി മൃഗാശുപത്രി സ്ഥാപിക്കാനുള്ള അടൂർ നഗരസഭയുടെ തീരുമാനം പുനഃപരിശോധിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 27 | പട്ടികജാതി പട്ടികവർഗ്ഗ വികസനം (പ്രീ മെട്രിക് ഹോസ്റ്റൽ, അടൂർ), തദ്ദേശ സ്വയംഭരണം |

| (1) | (2) | (3) | (4) |
|---|---|---|---|
| 5 | വിദ്യാഭ്യാസത്തിന്റെ മൂല്യങ്ങളെപ്പറ്റി രക്ഷിതാക്കളെ ബോധവത്ക്കരിക്കണമെന്നും സ്കൂളിൽ പോകാതെ നിൽക്കുന്ന എല്ലാ കുട്ടികളെയും സൗകര്യപ്രദമായ ഹോസ്റ്റലുകളിൽ താമസിപ്പിച്ച് സ്കൂളിൽ അയയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | 38 | പട്ടികജാതി പട്ടികവർഗ്ഗ വികസനം (പ്രീ മെട്രിക് ഹോസ്റ്റൽ, അച്ചൻകോവിൽ) |
| 6 | അച്ചൻകോവിൽ പ്രീ മെട്രിക് ഹോസ്റ്റലിന്റെ പുതിയ കെട്ടിടനിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കണമെന്നും അച്ചൻകോവിലിൽ ആൺകുട്ടികൾക്കുകൂടി പ്രീ മെട്രിക് ഹോസ്റ്റൽ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | 39 | ” |
| 7 | അച്ചൻകോവിലിൽ സ്കൂളിൽ പോകാതെ നിൽക്കുന്ന കുട്ടികളെ കണ്ടെത്തി പട്ടികജാതിക്കായി നീക്കിവച്ചിട്ടുള്ളതിൽ ഒഴിവുള്ള ഹോസ്റ്റലുകളിൽ പ്രവേശിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 39 | ” |
| 8 | കണ്ണൂർ പോസ്റ്റ് മെട്രിക് ഹോസ്റ്റലിന്റെ നിലവിലുള്ള കെട്ടിടം നിലനിർത്തിക്കൊണ്ടുതന്നെ, ഹോസ്റ്റലിന്റെ പുറകിലുള്ള സ്ഥലത്ത് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 43 | പട്ടികജാതി പട്ടികവർഗ്ഗ വികസനം (പോസ്റ്റ് മെട്രിക് ഹോസ്റ്റൽ, കണ്ണൂർ) |
| 9 | പട്ടികജാതി വികസന വകുപ്പിന്റെയും പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും കീഴിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എല്ലാ പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾക്കും സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തേണ്ട എല്ലാ ഹോസ്റ്റലുകളിലെയും അറ്റകുറ്റപ്പണികൾ ത്വരിതപ്പെടുത്തുന്നതിനും പൊതുമരാമത്ത് കെട്ടിടവിഭാഗം ഉത്തരവാദിത്വത്തോടെ പ്രവർത്തിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | 52 | പട്ടികജാതി പട്ടികവർഗ്ഗ വികസനം, പൊതു മരാമത്ത് |

| (1) | (2) | (3) | (4) |
|---|---|---|---|
| 10 | പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെ ഒഴിവുള്ള എല്ലാ സീറ്റിലേക്കും പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 53 | പട്ടികജാതി പട്ടികവർഗ്ഗ വികസനം |
| 11 | അനുവദനീയമായ എണ്ണത്തേക്കാൾ കൂടുതൽ കുട്ടികളെ താമസിപ്പിക്കേണ്ടിവരുന്ന സന്ദർഭങ്ങളിൽ ആവശ്യമെങ്കിൽ അഡീഷണൽ ബ്ലോക്ക് നിർമ്മിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 54 | „ |
| 12 | എല്ലാ പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലും ആവശ്യാനുസരണം ലൈറ്റ്, ഫാൻ, ഫർണിച്ചറുകൾ, ബ്ലാക്ക്ബോർഡ് എന്നിവ അനുവദിക്കണമെന്നും ആധുനിക രീതിയിലുള്ള ടോയ്ലെറ്റുകളും ബാത്ത്റൂമുകളും നിർമ്മിച്ചു നൽകണമെന്നും ടൈൽ പാകിയിട്ടില്ലാത്ത ഹോസ്റ്റലുകളിൽ ടൈൽ പാകണമെന്നും ഇലക്ട്രിക് ലൈനുകൾ കാലാകാലങ്ങളിൽ റീവയറിംഗ് നടത്തണമെന്നും യഥാസമയം ഹോസ്റ്റലുകളുടെ മറ്റ് അറ്റകുറ്റപ്പണികൾ നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. എല്ലാ പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലും ടെലിവിഷൻ, ഫ്രിഡ്ജ്, വാട്ടർ പ്യൂരിഫയർ എന്നിവ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | 55 | „ |
| 13 | പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെ ശുദ്ധജലക്ഷാമം ഒരു പ്രശ്നമായി സമിതി വിലയിരുത്തുന്നു. സ്വന്തമായി കിണറില്ലാത്ത ഹോസ്റ്റലുകൾ പൈപ്പുവെള്ളത്തെ കൂടുതലായി ആശ്രയിക്കുന്നതിനാൽ, കുടിവെള്ളശൃംഖല തകരാറിലാകുന്ന അവസരങ്ങളിൽ ഹോസ്റ്റലുകളിൽ ജലദൗർലഭ്യം അനുഭവപ്പെടുന്നുണ്ടെന്ന് സമിതിക്ക് മനസ്സിലാക്കാൻ സാധിച്ചു. | 56 | „ |

| (1) | (2) | (3) | (4) |
|---|---|---|---|
| | ആയതിനാൽ, സ്വന്തമായി കിണറില്ലാത്ത എല്ലാ പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലും കിണർ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും എല്ലാ ഹോസ്റ്റലുകളിലും മഴവെള്ളസംഭരണികൾ സ്ഥാപിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു | | |
| 14 | പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ ഭൂമി അളന്നുതിരിച്ച് ചുറ്റുമതിലില്ലാത്ത എല്ലാ ഹോസ്റ്റലുകൾക്കും ചുറ്റുമതിൽ നിർമ്മിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 57 | പട്ടികജാതി പട്ടികവർഗ്ഗ വികസനം |
| 15 | സ്വന്തമായി കളിസ്ഥലമില്ലാത്ത എല്ലാ പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾക്കും കളിസ്ഥലം നിർമ്മിച്ചുനൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും ഗുണനിലവാരമുള്ള സ്പോർട്സ് ഉപകരണങ്ങൾ വാങ്ങിനൽകണമെന്നും അതിനു പര്യാപ്തമായ രീതിയിൽ അലവൻസ് വർദ്ധിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | 58 | ” |
| 16 | ഭാവിയിൽ പുതിയ ഹോസ്റ്റലുകൾ നിർമ്മിക്കുന്നതിനായി സ്ഥലം തെരഞ്ഞെടുക്കുമ്പോൾ ജലലഭ്യതയും യാത്രാസൗകര്യങ്ങളുമുള്ള പ്രദേശങ്ങൾ തെരഞ്ഞെടുക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 59 | ” |
| 17 | എല്ലാ പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലും മൂന്നുമാസത്തിലൊരിക്കൽ എന്ന കണക്കിൽ വർഷത്തിൽ നാലു തവണയെങ്കിലും ഉപദേശകസമിതിയോഗം ചേർന്ന് ഹോസ്റ്റൽ പ്രവർത്തനങ്ങൾ വിലയിരുത്തണമെന്നും പ്രസ്തുത യോഗങ്ങളിൽ ബന്ധപ്പെട്ട വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥർ പങ്കെടുക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | 60 | ” |

| (1) | (2) | (3) | (4) |
|---|---|---|---|
| 18 | അധ്യയന വർഷത്തിന്റെ ആരംഭം മുതൽ ഹോസ്റ്റലുകളിൽ കൗൺസിലർമാരുടെ സേവനം ഏർപ്പെടുത്തണമെന്നും ആഴ്ചയിൽ ഒരു ദിവസമെങ്കിലും കൗൺസിലർമാരുടെ സേവനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | 61 | പട്ടികജാതി പട്ടികവർഗ്ഗ വികസനം |
| 19 | പി.എസ്.സി. റാങ്ക്‌ലിസ്റ്റുകൾ നിലവിലില്ലാത്ത സാഹചര്യങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നുള്ള സീനിയോറിറ്റി ലിസ്റ്റിന്റെയടിസ്ഥാനത്തിൽ യോഗ്യരായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരെ ഹോസ്റ്റൽ വാർഡൻമാരായി നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 62 | ” |
| 20 | ഹോസ്റ്റൽ വാർഡൻമാർക്കുള്ള അടിസ്ഥാന യോഗ്യതയായ എസ്.എസ്.എൽ.സി.ക്കു പകരം ബിരുദവും ബി.എഡും ആക്കി പരിഷ്ക്കരിക്കണമെന്നും തസ്തിക വാർഡൻ-കം-റസിഡൻഷ്യൽ ട്യൂട്ടർ എന്ന് പുനർനാമകരണം ചെയ്യണമെന്നും സമിതി ശിപാർശ ചെയ്യുന്നു. ഒന്നാം ക്ലാസുമുതലുള്ള കുട്ടികളെ പരിചരിക്കേണ്ടതിനാൽ, നിയമനത്തിന്റെ തുടക്കത്തിൽതന്നെ കുട്ടികളോട് സ്വീകരിക്കേണ്ട സമീപനത്തെ സംബന്ധിച്ച് പരിശീലനം നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | 62 | ” |
| 21 | കുട്ടികളുടെ എണ്ണം കണക്കിലെടുക്കാതെ, എല്ലാ പ്രീ മെട്രിക് ഹോസ്റ്റലുകളിലും രണ്ട് സ്ഥിരം പാചകക്കാരെവീതം നിയമിക്കണമെന്നും കുട്ടികൾ കൂടുതലുള്ള ഹോസ്റ്റലുകളിൽ ആവശ്യാനുസരണം കൂടുതൽ പാചകക്കാരെ നിയമിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | 63 | ” |
| 22 | എല്ലാ പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലും 2 സ്ഥിരം വാച്ചർമാരെവീതം നിയമിക്കണമെന്നും ഷിഫ്റ്റ് അടിസ്ഥാനത്തിൽ അവരുടെ ഡ്യൂട്ടി ക്രമീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | 64 | ” |

| (1) | (2) | (3) | (4) |
|---|---|---|---|
| 23 | കുട്ടികളുടെ സുരക്ഷിതത്വത്തിനായി നിയോഗിക്കപ്പെടുന്ന പുരുഷ ജീവനക്കാരായ വാച്ചർമാർക്കുവേണ്ടി ഹോസ്റ്റലിനോട് ചേർന്ന് പ്രത്യേകം മുറികൾ നിർമ്മിച്ചു നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു. പെൺകുട്ടികളുടെ ഹോസ്റ്റലുകളിൽ വനിതാ വാർഡൻമാരെ നിയമിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | 65 | പട്ടികജാതി പട്ടികവർഗ്ഗ വികസനം |
| 24 | എൽ.പി. വിഭാഗം കുട്ടികൾ താമസിക്കുന്ന എല്ലാ പ്രീ മെട്രിക് ഹോസ്റ്റലുകളിലും അവരുടെ പരിചരണത്തിനായി ആവശ്യാനുസരണം ആയമാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 66 | ” |
| 25 | സർഗ്ഗവാസനയും കലാനൈപുണ്യവും കായികതൽപ്പരതയുമുള്ള കുട്ടികളെ തെരഞ്ഞെടുത്ത് അവർക്കാവശ്യമായ പരിശീലനം നൽകണമെന്നും മൽസരവേദികളിൽ സർക്കാർ ചെലവിൽതന്നെ പങ്കെടുപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | 67 | ” |
| 26 | പട്ടികജാതി വികസന വകുപ്പിനുകീഴിലുള്ള എല്ലാ പ്രീ മെട്രിക് ഹോസ്റ്റലുകളിലും ഇംഗ്ലീഷ്, ഹിന്ദി, സയൻസ്, കണക്ക് വിഷയങ്ങൾക്ക് പുറമെ, സോഷ്യൽ സയൻസ്, മലയാളം എന്നീ വിഷയങ്ങൾക്കുകൂടി ട്യൂഷൻ സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ പതിനൊന്ന്, പന്ത്രണ്ട് ക്ലാസ്സുകളിൽ പഠിക്കുന്ന അന്തേവാസികൾക്ക് ട്യൂഷൻ സൗകര്യം ഏർപ്പെടുത്തണമെന്നും എൻട്രൻസ് പരീക്ഷാ പരിശീലനം നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | 68 | ” |

| (1) | (2) | (3) | (4) |
|---|---|---|---|
| 27 | കുട്ടികൾക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിനായി ഓണറേറിയം നൽകി, കമ്പ്യൂട്ടർ ഇൻസ്ട്രക്ടർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ബി.ടെക്. വിദ്യാർത്ഥികൾ താമസിക്കുന്ന എല്ലാ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലും ഇന്റർനെറ്റ് സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | 69 | പട്ടികജാതി പട്ടികവർഗ്ഗ വികസനം |
| 28 | ട്യൂട്ടർമാരുടെ പ്രതിമാസ ഓണറേറിയം കാലോചിതമായി പരിഷ്ക്കരിച്ച്, കുട്ടികൾക്ക് നല്ല നിലവാരമുള്ള ട്യൂഷൻ ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കണമെന്നും കുട്ടികൾ കൂടുതലുള്ള ഹോസ്റ്റലുകളിൽ ആവശ്യാനുസരണം ട്യൂട്ടർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | 70 | ” |
| 29 | പ്രീ മെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെ അന്തേവാസികൾ പഠനം നടത്തുന്ന സ്കൂളിലെ മേധാവികൾ മാസത്തിലൊരിക്കൽ ഹോസ്റ്റലുകൾ സന്ദർശിച്ച് കുട്ടികളുടെ പഠനനിലവാരം ഹോസ്റ്റൽ ജീവനക്കാരുമായി അവലോകനം നടത്തുന്ന തരത്തിലോ ഹോസ്റ്റൽ വാർഡൻമാർ സ്കൂൾ സന്ദർശിച്ച് അദ്ധ്യാപകരുമായി ചർച്ച നടത്തുന്ന തരത്തിലോ ഉള്ള യുക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 71 | പട്ടികജാതി പട്ടികവർഗ്ഗ വികസനം, പൊതു വിദ്യാഭ്യാസം |
| 30 | പൊതുഗതാഗത സംവിധാനങ്ങളോ സ്കൂളിൽനിന്നുള്ള വാഹനസൗകര്യമോ ലഭ്യമാകാത്ത പ്രീ മെട്രിക് ഹോസ്റ്റലുകളിൽ നിന്നും കുട്ടികളെ സ്കൂളിൽ എത്തിക്കുന്നതിനും തിരികെ കൊണ്ടുവരുന്നതിനും വേണ്ടി വാഹനസൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ കൈക്കൊള്ളണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 72 | പട്ടികജാതി പട്ടികവർഗ്ഗ വികസനം |

| (1) | (2) | (3) | (4) |
|---|---|---|---|
| 31 | പ്രീ മെട്രിക് ഹോസ്റ്റലുകളിൽനിന്നും അവധിക്കാലത്ത് വീടുകളിൽ പോകുന്ന എല്ലാ കുട്ടികളെയും, അതത് പ്രദേശങ്ങളിലെ എസ്.സി. എസ്.ടി. പ്രൊമോട്ടർമാരുടെ സഹായത്തോടെ, സ്കൂൾ തുറക്കുന്ന ദിവസംതന്നെ തിരികെ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 73 | പട്ടികജാതി പട്ടികവർഗ്ഗ വികസനം |
| 32 | പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിലുള്ള എല്ലാ പ്രീ മെട്രിക് ഹോസ്റ്റലുകളിൽനിന്നും വർഷത്തിലൊരിക്കൽ വിനോദയാത്ര സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 74 | ” |
| 33 | കുട്ടികൾക്കുണ്ടാകുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിനായി, സ്കൂൾ യൂണിഫോം, നൈറ്റ് ഡ്രസ്, ബെഡ്ഷീറ്റ്, ചെരുപ്പ് എന്നിവ അധ്യയന വർഷത്തിന്റെ ആദ്യദിവസങ്ങളിൽ തന്നെ കുട്ടികൾക്ക് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ സ്കൂൾ യൂണിഫോം, നൈറ്റ് ഡ്രസ് എന്നിവ തുന്നിനൽകുന്നതിന് കരാർ നൽകുമ്പോൾ കുട്ടികൾക്കനുയോജ്യമായ രീതിയിൽതന്നെ വസ്ത്രങ്ങൾ തുന്നി നൽകുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | 75 | ” |
| 34 | പ്രീ മെട്രിക് ഹോസ്റ്റലുകളിലെ അന്തേവാസികൾക്കുള്ള സ്റ്റേഷനറി അലവൻസ്—ഹൈസ്കൂൾ വിഭാഗം വിദ്യാർത്ഥികൾക്ക് 600 രൂപയായും യു.പി. വിഭാഗം വിദ്യാർത്ഥികൾക്ക് 400 രൂപയായും എൽ.പി. വിഭാഗം വിദ്യാർത്ഥികൾക്ക് 300 രൂപയായും വർദ്ധിപ്പിക്കണമെന്നും തുടർവർഷങ്ങളിൽ കാലോചിതമായി പരിഷ്ക്കരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | 76 | ” |

| (1) | (2) | (3) | (4) |
|---|---|---|---|
| 35 | സംസ്ഥാനത്ത് മലയോര മേഖലകളിൽ സ്ഥിതി ചെയ്യുന്ന എല്ലാ പ്രീ മെട്രിക് ഹോസ്റ്റലുകളിലെയും അന്തേവാസികൾക്ക് കമ്പിളി വാങ്ങുന്നതിനുള്ള അലവൻസ് അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 77 | പട്ടികജാതി പട്ടികവർഗ്ഗ വികസനം |
| 36 | ഹോസ്റ്റലുകളിൽ ശുചീകരണം ഉൾപ്പെടെയുള്ള രോഗപ്രതിരോധപ്രവർത്തനങ്ങൾ വിട്ടുവീഴ്ച യില്ലാതെ ചെയ്യണമെന്നും പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ഡോക്ടർമാർ ആഴ്ചയി ലൊരിക്കൽ ഹോസ്റ്റലുകളിലെത്തി കുട്ടികളുടെ ആരോഗ്യനില പരിശോധിക്കണമെന്നും മെഗാ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പി ക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. പ്രീ മെട്രിക് ഹോസ്റ്റലുകളിലെ അന്തേവാസി കൾക്ക് പ്രത്യേക ചികിൽസയും കിടത്തി ചികിൽസയും ആവശ്യമായിവരുന്ന സന്ദർഭങ്ങളിൽ, അതിനുവേണ്ട എല്ലാ ചെലവും ബന്ധപ്പെട്ട വകുപ്പുകൾ വഹിക്കണ മെന്നും സമിതി ശിപാർശ ചെയ്യുന്നു. | 78 | പട്ടികജാതി പട്ടികവർഗ്ഗ വികസനം, ആരോഗ്യവും കുടുംബ ക്ഷേമവും |
| 37 | പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള എല്ലാ പ്രീ മെട്രിക് ഹോസ്റ്റലു കളിലും ലാൻഡ് ഫോൺ സൗകര്യം ഏർപ്പെടുത്തണമെന്നും പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ നിർജ്ജീവാവസ്ഥയിലുള്ള ലാൻഡ് ഫോണുകൾ പ്രവർത്തന സജ്ജമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | 79 | പട്ടികജാതി പട്ടികവർഗ്ഗ വികസനം |
| 38 | പ്രതിമാസ അലവൻസ് ഇനത്തിൽ (പോക്കറ്റ് മണി) അന്തേവാസികൾക്ക് അനുവദിക്കുന്ന തുക എല്ലാ മാസവും കൃത്യമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 80 | ” |

| (1) | (2) | (3) | (4) |
|---|---|---|---|
| 39 | പ്രീ മെട്രിക് ഹോസ്റ്റലുകളിൽ ഏർപ്പെടുത്തിയിട്ടുള്ള ലൈബ്രറി സൗകര്യം കുട്ടികൾക്ക് പ്രയോജനപ്രദമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. പ്രീ മെട്രിക് ഹോസ്റ്റലുകളിൽ ഇംഗ്ലീഷ് ദിനപ്പത്രംകൂടി ലഭ്യമാക്കിയാൽ, കുട്ടികളുടെ ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിന് പ്രയോജനപ്പെടുമെന്നതിനാൽ, എല്ലാ പ്രീ മെട്രിക് ഹോസ്റ്റലുകളിലും മലയാളം ദിനപ്പത്രത്തിനു പുറമെ, ഒരു ഇംഗ്ലീഷ് ദിനപ്പത്രംകൂടി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 81 | പട്ടികജാതി പട്ടികവർഗ്ഗ വികസനം |
| 40 | പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെ അന്തേവാസികൾക്ക്, ഒഴിവുവേളകളിൽ ഏതെങ്കിലും കൈത്തൊഴിൽ പരിശീലിക്കുന്നതിനുള്ള സൗകര്യം എല്ലാ ഹോസ്റ്റലുകളിലും ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. പെൺകുട്ടികളുടെ ഹോസ്റ്റലുകളിൽ തയ്യൽ മെഷീനുകൾ വാങ്ങി നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | 82 | ” |
| 41 | പെൺകുട്ടികളുടെ എല്ലാ പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലും നാപ്കിൻ വെൻഡിംഗ് മെഷീൻ വാങ്ങി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 83 | ” |
| 42 | പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെ തകരാറിലാകുന്ന ഉപകരണങ്ങളും ഫർണിച്ചറുകളും യഥാസമയം അറ്റകുറ്റപ്പണികൾ നടത്തണമെന്നും ഉപയോഗശൂന്യമായ വസ്തുക്കൾ ലേലം ചെയ്ത് വിൽക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | 84 | ” |

അനുബന്ധം II

## പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രീ മെട്രിക് ഹോസ്റ്റലുകളെ സംബന്ധിച്ച വിവരം

| ജില്ല | ഐ.റ്റി.ഡി.പി./ റ്റി.ഡി.ഒ. | പ്രീ മെട്രിക് ഹോസ്റ്റലുകൾ | വിഭാഗം | അനുവദനീയമായ കുട്ടികളുടെ എണ്ണം | 2013-14 വർഷം പ്രവേശനം നൽകിയിട്ടുള്ള കുട്ടികളുടെ എണ്ണം |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| തിരുവനന്തപുരം | ഐ.റ്റി.ഡി.പി., | ഞാറനീലി, | പെൺകുട്ടികൾ | 50 | 78 |
| | നെടുമങ്ങാട് | നന്ദിയോട് | ആൺകുട്ടികൾ | 30 | 32 |
| കൊല്ലം | റ്റി.ഡി.ഒ., | അച്ചൻകോവിൽ | പെൺകുട്ടികൾ | 40 | 46 |
| | പുനലൂർ | കുളത്തൂപ്പുഴ | പെൺകുട്ടികൾ | 50 | 43 |
| | | ഉറുകുന്ന് | ആൺകുട്ടികൾ | 40 | 37 |
| | | കൊല്ലം-അമൃതകുളം | ആൺകുട്ടികൾ | 50 | 46 |
| പത്തനംതിട്ട | റ്റി.ഡി.ഒ., | ചിറ്റാർ | പെൺകുട്ടികൾ | 40 | 73 |
| | റാന്നി | കടുമീൻചിറ | ആൺകുട്ടികൾ | 30 | 37 |
| ആലപ്പുഴ | റ്റി.ഡി.ഒ., പുനലൂർ | ചേർത്തല | പെൺകുട്ടികൾ | 60 | 28 |
| കോട്ടയം | ഐ.റ്റി.ഡി.പി., | മുരുക്കുംവയൽ | പെൺകുട്ടികൾ | 40 | 38 |
| | കാഞ്ഞിരപ്പള്ളി | കോരുത്തോട് | പെൺകുട്ടികൾ | 30 | 25 |
| ഇടുക്കി | ഐ.റ്റി.ഡി.പി., | പൂമാല | പെൺകുട്ടികൾ | 40 | 50 |
| | ഇടുക്കി | തൊടുപുഴ | പെൺകുട്ടികൾ | 40 | 52 |
| | (തൊടുപുഴ) | തൊടുപുഴ | ആൺകുട്ടികൾ | 40 | 75 |
| | | മൂലമറ്റം | പെൺകുട്ടികൾ | 40 | 75 |
| | | വാഴത്തോപ്പ് | ആൺകുട്ടികൾ | 90 | 57 |
| | | കുമളി | ആൺകുട്ടികൾ | 40 | 33 |
| | | മറയൂർ | പെൺകുട്ടികൾ | 40 | 41 |
| | | ദണ്ഡുകൊമ്പ് | ആൺകുട്ടികൾ | 40 | 79 |
| | | കോടാലിപ്പാറ | ആൺകുട്ടികൾ | 40 | 58 |
| | | അടിമാലി | പെൺകുട്ടികൾ | 60 | 129 |
| | | അടിമാലി | ആൺകുട്ടികൾ | 60 | 110 |
| | | ഇരുമ്പുപാലം | ആൺകുട്ടികൾ | 40 | 74 |

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| എറണാകുളം | റ്റി.ഡി.ഒ., | സൗത്ത്‌വാഴക്കുളം | പെൺകുട്ടികൾ | 30 | 67 |
| | മൂവാറ്റുപുഴ | ഇടമലയാർ | പെൺകുട്ടികൾ | 40 | 69 |
| | | ഇടമലയാർ | ആൺകുട്ടികൾ | 40 | 79 |
| | | പിണവൂർകുടി | ആൺകുട്ടികൾ | 40 | 69 |
| തൃശൂർ | റ്റി.ഡി.ഒ., | ചാലക്കുടി | പെൺകുട്ടികൾ | 40 | 64 |
| | ചാലക്കുടി | പീച്ചി | പെൺകുട്ടികൾ | 55 | 70 |
| | | വെറ്റിലപ്പാറ | ആൺകുട്ടികൾ | 100 | 105 |
| | | വാഴച്ചാൽ | ആൺകുട്ടികൾ | 40 | 47 |
| പാലക്കാട് | റ്റി.ഡി.ഒ.,<br>പാലക്കാട് | സുങ്കം | ആൺകുട്ടികളും<br>പെൺകുട്ടികളും | 40 | 50 |
| | | അയിലൂർ | പെൺകുട്ടികൾ | 40 | 58 |
| | | പട്ടഞ്ചേരി | ആൺകുട്ടികൾ | 60 | 109 |
| | | പറളി | ആൺകുട്ടികൾ | 40 | 58 |
| | | അലനല്ലൂർ | ആൺകുട്ടികൾ | 40 | 43 |
| | | മുതലമട | ആൺകുട്ടികൾ | 60 | 49 |
| | | എൽ.എൻ.പുരം,<br>പാലക്കാട് | പെൺകുട്ടികൾ | 60 | 128 |
| | ഐ.റ്റി.ഡി.പി., | ഷോളയൂർ-1 | പെൺകുട്ടികൾ | 40 | 150 |
| | അട്ടപ്പാടി | ഷോളയൂർ-2 | പെൺകുട്ടികൾ | 40 | 88 |
| | | ഷോളയൂർ-1<br>ഷോളയൂർ-2 | ആൺകുട്ടികൾ | 80 | 129 |
| | | മുക്കാലി | ആൺകുട്ടികൾ | 40 | 79 |
| | | പൂതൂർ | ആൺകുട്ടികൾ | 60 | 137 |
| | | ഗോട്ടിയാർക്കണ്ടി | ആൺകുട്ടികൾ | 40 | 51 |
| | | കോട്ടത്തറ-1 | പെൺകുട്ടികൾ | 60 | 135 |
| | | കോട്ടത്തറ-2 | ആൺകുട്ടികൾ | 40 | 56 |
| | | കൂക്കമ്പാളയം | ആൺകുട്ടികൾ | 40 | 77 |
| | | അഗളി-1 | പെൺകുട്ടികൾ | 60 | 131 |
| | | അഗളി-2 | പെൺകുട്ടികൾ | 40 | 98 |
| | | ചിണ്ടക്കി | ആൺകുട്ടികൾ | 40 | 65 |
| | | ആനവായ് | ആൺകുട്ടികളും<br>പെൺകുട്ടികളും | 40 | 47 |
| | | മുള്ളി | ആൺകുട്ടികൾ | 40 | 63 |
| | | അഗളി | ആൺകുട്ടികൾ | 60 | 139 |

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| മലപ്പുറം | ഐ.റ്റി.ഡി.പി., | നിലമ്പൂർ | പെൺകുട്ടികൾ | 60 | 91 |
| | നിലമ്പൂർ | പൂക്കോട്ടുപാടം | ആൺകുട്ടികൾ | 60 | 67 |
| | | മണിമൂളി | പെൺകുട്ടികൾ | 60 | 48 |
| | | നിലമ്പൂർ | ആൺകുട്ടികൾ | 40 | 50 |
| | | ചുങ്കത്തറ | പെൺകുട്ടികൾ | 40 | 78 |
| | | ഇടക്കര | ആൺകുട്ടികൾ | 40 | 42 |
| | | മമ്പാട് | ആൺകുട്ടികൾ | 40 | 65 |
| | | ഓടക്കയം | ആൺകുട്ടികൾ | 40 | 35 |
| | | ചുങ്കത്തറ | ആൺകുട്ടികൾ | 40 | 33 |
| | | പോത്തുകൽ | പെൺകുട്ടികൾ | 60 | 122 |
| കോഴിക്കോട് | റ്റി.ഡി.ഒ., | ഈസ്റ്റ്ഹിൽ | പെൺകുട്ടികൾ | 90 | 136 |
| | താമരശ്ശേരി | കുന്നമംഗലം | ആൺകുട്ടികൾ | 30 | 31 |
| | | പുതുപ്പാടി | ആൺകുട്ടികൾ | 35 | 36 |
| | | വടകര | ആൺകുട്ടികൾ | 30 | 40 |
| വയനാട് | ഐ.റ്റി.ഡി.പി., | കാവുമന്ദം | പെൺകുട്ടികൾ | 40 | 60 |
| | കൽപ്പറ്റ | മേപ്പാടി | ആൺകുട്ടികൾ | 40 | 53 |
| | | കണിയാമ്പറ്റ | ആൺകുട്ടികൾ | 60 | 77 |
| | | പിണങ്ങോട് | ആൺകുട്ടികൾ | 30 | 40 |
| | | കൽപ്പറ്റ | ആൺകുട്ടികൾ | 30 | 42 |
| | | കാക്കവയൽ | ആൺകുട്ടികൾ | 60 | 78 |
| വയനാട് | റ്റി.ഡി.ഒ., | മാനന്തവാടി | പെൺകുട്ടികൾ | 60 | 72 |
| | മാനന്തവാടി | പനമരം | ആൺകുട്ടികൾ | 60 | 77 |
| | | അഞ്ചുകുന്ന് | ആൺകുട്ടികൾ | 60 | 74 |
| | | കാട്ടിക്കുളം | ആൺകുട്ടികൾ | 60 | 70 |
| | | തൊണ്ടർനാട് | ആൺകുട്ടികൾ | 60 | 59 |
| | | തലപ്പുഴ | ആൺകുട്ടികൾ | 60 | 45 |
| | | പനമരം | പെൺകുട്ടികൾ | 60 | 75 |
| | | എള്ളുമന്ദം | പെൺകുട്ടികൾ | 60 | 88 |
| | | തൃശ്ശിലേരി | പെൺകുട്ടികൾ | 80 | 103 |
| | റ്റി.ഡി.ഒ., | വേലിയമ്പം | പെൺകുട്ടികൾ | 80 | 102 |
| | സുൽത്താൻ | പുൽപ്പള്ളി | ആൺകുട്ടികൾ | 30 | 55 |
| | ബത്തേരി | മുള്ളൻകൊല്ലി | ആൺകുട്ടികൾ | 40 | 52 |
| | | അമ്പലവയൽ | പെൺകുട്ടികൾ | 60 | 85 |
| | | മീനങ്ങാടി | ആൺകുട്ടികൾ | 40 | 68 |

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| | | സുൽത്താൻ ബത്തേരി | ആൺകുട്ടികൾ | 40 | 46 |
| | | മട്ടപ്പാറ | പെൺകുട്ടികൾ | 30 | 37 |
| | | വടുവൻചാൽ | ആൺകുട്ടികൾ | 40 | 52 |
| | | വാകേരി | പെൺകുട്ടികൾ | 60 | 80 |
| | | ചീരാൽ | പെൺകുട്ടികൾ | 50 | 70 |
| | | ആനപ്പാറ | ആൺകുട്ടികൾ | 40 | 60 |
| കണ്ണൂർ | ഐ.റ്റി.ഡി.പി., കണ്ണൂർ | ഇരിട്ടി | പെൺകുട്ടികൾ | 60 | 72 |
| | | കോളയാട് | പെൺകുട്ടികൾ | 60 | 71 |
| | | പടിയൂർ | പെൺകുട്ടികൾ | 60 | 82 |
| | | പിണറായി | പെൺകുട്ടികൾ | 60 | 51 |
| | | നടുവിൽ | ആൺകുട്ടികൾ | 40 | 39 |
| | | വയത്തൂർ | ആൺകുട്ടികൾ | 40 | 31 |
| | | കോളയാട് | ആൺകുട്ടികൾ | 40 | 44 |
| | | ചെമ്പുകാവ് | ആൺകുട്ടികൾ | 40 | 42 |
| കാസർഗോഡ് | റ്റി.ഡി.ഒ., കാസർഗോഡ് | ബളാന്തോട് | ആൺകുട്ടികൾ | 40 | 42 |
| | | വാണിനഗർ | ആൺകുട്ടികൾ | 60 | 13 |
| | | കുറ്റിക്കോൽ | ആൺകുട്ടികൾ | 40 | 33 |

## പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രീ മെട്രിക് ഹോസ്റ്റലുകളെ സംബന്ധിച്ച വിവരം

| *ജില്ല* | *പ്രീ മെട്രിക് ഹോസ്റ്റലുകൾ* | *വിഭാഗം* | *അനുവദനീയമായ കുട്ടികളുടെ എണ്ണം* | *2013-14 വർഷം നിലവിലുള്ള കുട്ടികളുടെ എണ്ണം* |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| തിരുവനന്തപുരം | നെയ്യാറ്റിൻകര | പെൺകുട്ടികൾ | 30 | 15 |
| | നെടുമങ്ങാട് | പെൺകുട്ടികൾ | 30 | 26 |
| | കിളിമാനൂർ | പെൺകുട്ടികൾ | 30 | 24 |
| | വെങ്ങാനൂർ | പെൺകുട്ടികൾ | 30 | 21 |
| | അരുവിക്കര | ആൺകുട്ടികൾ | 30 | 12 |
| | വെഞ്ഞാറമൂട് | ആൺകുട്ടികൾ | 30 | 20 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| കൊല്ലം | പുനലൂർ | പെൺകുട്ടികൾ | 40 | 36 |
| | ചക്കുവള്ളി | പെൺകുട്ടികൾ | 40 | 18 |
| | കുന്നത്തൂർ | പെൺകുട്ടികൾ | 40 | 20 |
| | പുത്തൂർ | ആൺകുട്ടികൾ | 40 | 16 |
| | ചാത്തന്നൂർ | ആൺകുട്ടികൾ | 30 | 9 |
| | ശാസ്താംകോട്ട | ആൺകുട്ടികൾ | 30 | 15 |
| | എഴുകോൺ | ആൺകുട്ടികൾ | 30 | 23 |
| | ഓച്ചിറ | ആൺകുട്ടികൾ | 30 | 27 |
| പത്തനംതിട്ട | അടൂർ | പെൺകുട്ടികൾ | 30 | 22 |
| | പന്തളം | പെൺകുട്ടികൾ | 30 | 30 |
| | മല്ലപ്പള്ളി | പെൺകുട്ടികൾ | 30 | 17 |
| | തിരുവല്ല | പെൺകുട്ടികൾ | 30 | 29 |
| | റാന്നി | ആൺകുട്ടികൾ | 30 | 27 |
| | പത്തനംതിട്ട | ആൺകുട്ടികൾ | 30 | 16 |
| ആലപ്പുഴ | കലവൂർ | പെൺകുട്ടികൾ | 30 | 24 |
| | അമ്പലപ്പുഴ | പെൺകുട്ടികൾ | 30 | 18 |
| | കറ്റാനം | പെൺകുട്ടികൾ | 30 | 28 |
| | പുലിയൂർ | പെൺകുട്ടികൾ | 30 | 22 |
| കോട്ടയം | കുറിച്ചി | പെൺകുട്ടികൾ | 30 | 16 |
| | കരിക്കാട്ടൂർ | ആൺകുട്ടികൾ | 30 | 10 |
| | വൈക്കം | പെൺകുട്ടികൾ | 30 | 25 |
| | പാലാ | പെൺകുട്ടികൾ | 30 | 22 |
| ഇടുക്കി | പീരുമേട് | ആൺകുട്ടികൾ | 30 | 29 |
| | കട്ടപ്പന | പെൺകുട്ടികൾ | 30 | 27 |
| | കരിമണ്ണൂർ | പെൺകുട്ടികൾ | 38 | 35 |
| | കൂവപ്പിള്ളി | ആൺകുട്ടികൾ | 30 | 19 |
| | മൂന്നാർ | പെൺകുട്ടികൾ | 65 | 64 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| എറണാകുളം | ഏഴിക്കര | ആൺകുട്ടികൾ | 30 | 7 |
| | അങ്കമാലി | ആൺകുട്ടികൾ | 30 | 16 |
| | മൂവാറ്റുപുഴ | പെൺകുട്ടികൾ | 30 | 29 |
| | പെരുമ്പാവൂർ | പെൺകുട്ടികൾ | 30 | 29 |
| | പറവൂർ | പെൺകുട്ടികൾ | 30 | 28 |
| തൃശ്ശൂർ | ചേലക്കര | പെൺകുട്ടികൾ | 30 | 27 |
| | ചെറുതുരുത്തി | പെൺകുട്ടികൾ | 30 | 23 |
| | എരുമപ്പെട്ടി | ആൺകുട്ടികൾ | 30 | 15 |
| | നന്തിക്കര | ആൺകുട്ടികൾ | 30 | 18 |
| | എങ്ങണ്ടിയൂർ | ആൺകുട്ടികൾ | 30 | 24 |
| പാലക്കാട് | മുണ്ടൂർ | പെൺകുട്ടികൾ | 50 | 39 |
| | മങ്കര | ആൺകുട്ടികൾ | 30 | 29 |
| | വടക്കഞ്ചേരി | ആൺകുട്ടികൾ | 40 | 30 |
| | കോട്ടായി | ആൺകുട്ടികൾ | 50 | 50 |
| | ആലത്തൂർ | പെൺകുട്ടികൾ | 40 | 40 |
| | പുതുനഗരം | ആൺകുട്ടികൾ | 30 | 30 |
| | കൊല്ലങ്കോട് | ആൺകുട്ടികൾ | 30 | 30 |
| | കൊഴിഞ്ഞാംപാറ | പെൺകുട്ടികൾ | 40 | 38 |
| | അലനല്ലൂർ | ആൺകുട്ടികൾ | 30 | 30 |
| | കൊറ്റശ്ശേരി | ആൺകുട്ടികൾ | 30 | 29 |
| | അഗളി | ആൺകുട്ടികൾ | 30 | 29 |
| | കുമരനല്ലൂർ | ആൺകുട്ടികൾ | 50 | 16 |
| | ഷൊർണ്ണൂർ | പെൺകുട്ടികൾ | 40 | 20 |
| | മണിശ്ശേരി | ആൺകുട്ടികൾ | 30 | 27 |
| | കാരാക്കുറിശ്ശി | പെൺകുട്ടികൾ | 30 | 30 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| മലപ്പുറം | വണ്ടൂർ | പെൺകുട്ടികൾ | 30 | 13 |
| | തൃക്കലങ്ങോട് | ആൺകുട്ടികൾ | 30 | 2 (ഹോസ്റ്റൽ നിർത്തലാക്കി) |
| | തിരുവാലി | ആൺകുട്ടികൾ | 30 | 3 |
| | കൊണ്ടിപറമ്പ് | ആൺകുട്ടികൾ | 30 | 19 |
| | മുക്കുതല | പെൺകുട്ടികൾ | 30 | 30 |
| | ചേളാരി | ആൺകുട്ടികൾ | 30 | 9 |
| | മഞ്ചേരി | പെൺകുട്ടികൾ | 30 | 6 |
| കോഴിക്കോട് | ഏലത്തൂർ | പെൺകുട്ടികൾ | 50 | 48 |
| | മാവൂർ | ആൺകുട്ടികൾ | 30 | 21 |
| | അഴിയൂർ | പെൺകുട്ടികൾ | 30 | 20 |
| | അഴിയൂർ | ആൺകുട്ടികൾ | 30 | 12 |
| | ബാലുശ്ശേരി | ആൺകുട്ടികൾ | 30 | 9 |
| | ഇരിങ്ങല്ലൂർ | ആൺകുട്ടികൾ | 30 | 14 |
| | കക്കോടി | പെൺകുട്ടികൾ | 30 | 20 |
| വയനാട് | വൈത്തിരി | ആൺകുട്ടികൾ | 30 | 27 |
| കണ്ണൂർ | തലശ്ശേരി | പെൺകുട്ടികൾ | 30 | 25 |
| | അഴീക്കോട് | പെൺകുട്ടികൾ | 30 | 16 |
| | പഴയങ്ങാടി | ആൺകുട്ടികൾ | 30 | 16 |
| | തളിപ്പറമ്പ് | പെൺകുട്ടികൾ | 30 | 30 |
| | തളിപ്പറമ്പ് | ആൺകുട്ടികൾ | 30 | 17 |
| | മയ്യിൽ | ആൺകുട്ടികൾ | 30 | 26 |
| | ശ്രീകണ്ഠപുരം | ആൺകുട്ടികൾ | 30 | 16 |
| | കതിരൂർ | ആൺകുട്ടികൾ | 30 | 12 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| കാസർഗോഡ് | കാസർഗോഡ് | പെൺകുട്ടികൾ | 30 | 31 |
| | വിദ്യാനഗർ | ആൺകുട്ടികൾ | 30 | 25 |
| | രാജപുരം | ആൺകുട്ടികൾ | 30 | 29 |
| | ബങ്കളം | ആൺകുട്ടികൾ | 30 | 27 |
| | കാഞ്ഞങ്ങാട് | പെൺകുട്ടികൾ | 30 | 27 |
| | ദേലംപടി | ആൺകുട്ടികൾ | 30 | 28 |
| | ബദിയടുക്ക | ആൺകുട്ടികൾ | 30 | 14 |
| | കാറഡുക്ക | ആൺകുട്ടികൾ | 30 | 28 |

## പട്ടികജാതി വികസന വകുപ്പിന്റെകീഴിൽ പ്രവർത്തിക്കുന്ന പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ

| *ജില്ല* | *പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ* | *വിഭാഗം* | *അനുവദനീയമായ കുട്ടികളുടെ എണ്ണം* | *2013-14 വർഷം നിലവിലുള്ള കുട്ടികളുടെ എണ്ണം* |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| തിരുവനന്തപുരം | വെള്ളയമ്പലം-1 | ആൺകുട്ടികൾ | 120 | 69 |
| | വെള്ളയമ്പലം-2 | പെൺകുട്ടികൾ | 120 | 76 |
| | പൂച്ചെടിവിള | പെൺകുട്ടികൾ | 300 | 280 |
| കൊല്ലം | അമൃതകുളം | പെൺകുട്ടികൾ | 60 | 56 |
| | അമൃതകുളം | ആൺകുട്ടികൾ | 60 | 40 |
| കോട്ടയം | നാട്ടകം | പെൺകുട്ടികൾ | 60 | 58 |
| | ചങ്ങനാശ്ശേരി | ആൺകുട്ടികൾ | 60 | 46 |
| എറണാകുളം | കണയന്നൂർ | പെൺകുട്ടികൾ | 60 | 48 |
| | കണയന്നൂർ | ആൺകുട്ടികൾ | 60 | 48 |
| പാലക്കാട് | കണ്ണാടി | പെൺകുട്ടികൾ | 60 | 30 |
| | പാലക്കാട് | ആൺകുട്ടികൾ | 60 | 38 |
| കോഴിക്കോട് | ഈസ്റ്റ് ഹിൽ | പെൺകുട്ടികൾ | 60 | 56 |
| | തിരുത്തിക്കാട് | ആൺകുട്ടികൾ | 60 | 61 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| കണ്ണൂർ | കണ്ണൂർ | ആൺകുട്ടികൾ | 60 | 39 |
| കാസർഗോഡ് | വിദ്യാനഗർ | പെൺകുട്ടികൾ | 60 | 57 |
| | വിദ്യാനഗർ | ആൺകുട്ടികൾ | 60 | 38 |
| | മഞ്ചേശ്വരം | ആൺകുട്ടികൾ | 60 | 27 |

## പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ

| ജില്ല | ഐ.റ്റി.ഡി.പി./ റ്റി.ഡി.ഒ. | പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ | വിഭാഗം | അനുവദനീയമായ കുട്ടികളുടെ എണ്ണം | 2013-14 വർഷം നിലവിലുള്ള കുട്ടികളുടെ എണ്ണം |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| തിരുവനന്തപുരം | ഐ.റ്റി.ഡി.പി., നെടുമങ്ങാട് | പട്ടം, തിരുവനന്തപുരം | ആൺകുട്ടികൾ | 35 | 27 |
| പാലക്കാട് | റ്റിഡിഒ., പാലക്കാട് | പാലക്കാട് | പെൺകുട്ടികൾ | 60 | 101 |
| കോഴിക്കോട് | റ്റിഡിഒ., താമരശ്ശേരി | കോഴിക്കോട് | ആൺകുട്ടികൾ | 30 | 32 |